
little KITEs
Pupa
e-magazine
DGHSS TANUR

## ആമുഖം

എഴുത്താണിയിലെയും പനയോലയിലെയും കടലാസിലെയും എഴുത്ത് കാലങ്ങൾ പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലെത്തി നിൽക്കുകയാണ്. മഷി മാറ്റി നാം കീബോർഡിലെത്തി. പുതുമകൾ ഒരു പാടുള്ള ഒരു മാഗസീനാണ് ലിറ്റിൽ കൈറ്റ്സ് എന്ന കൊച്ചുപട്ടങ്ങൾ ഇവിടെ ഒരുക്കുന്നത്. കറപറ്റാത്ത, പൊടിപിടിക്കാത്ത , ചിതലരിക്കാത്ത വായനയുടെ ഒരു പുതുലോകം. വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സർഗ്ഗസൃഷ് ടികളുമായി ഞങ്ങൾ പറത്തുന്ന ഈ പട്ടം **പ്യൂപ്പ** മാഗസീൻ വായനയുടെ പുതിയ അനുഭവമാകട്ടെ.


പൂക്കൾക്ക് ആകാശവും
പൂമ്പാറ്റകൾക്ക് ചിറകുമേകിയ
ദേവധാറിലെ
ഇളം കാല്പാടുകളിലേക്ക്......




**വി. അബ്ദുറഹിമാൻ**
(താനൂർ)

മെമ്പർ
കേരള നിയമസഭ

വസതി:
വെള്ളേക്കാട്ട് ഹൗസ്
പോറൂർ, പൂക്കയിൽ പി.ഒ.
തിരൂർ– 676 107

ഓഫീസ്:
മൂലക്കൽ
കെപുരം പി.ഒ.
താനൂർ, മലപ്പുറം

ഫോൺ :
ഓഫീസ് : 0494-2442255
എം.എൽ.എ. ഹോസ്റ്റൽ : 0471-2512360
മൊബൈൽ : 9895 80 4000

നെയ്യാർ ബ്ലോക്ക്-4,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ mlatanurvar@gmail.com


സ്ഥലം: താനൂർ
തീയതി: 25.05.2019

ദേവധാർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് '**പൂപ്പ്**' എന്ന പേരിൽ ഒരു ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്. അറിവിന്റെ അനന്തതയിലേക്ക് ചിറകടിച്ചുയരുന്ന കുരുന്നുകളുടെ പൂപ്പക്ക് എല്ലാവിധ ആശംസകളും നേരുന്നു.


സ്നേഹപൂർവ്വം,

**വി. അബ്ദുറഹിമാൻ**
എം.എൽ.എ



ശ്രീമതി അജിതകുമാരി
DEO തിരൂരങ്ങാടി

ദേവധാർ  ഗവ.ഹയർ സെക്കന്ററി സ്കൂൾ ഇങ്ങനെയൊരു മാഗസിൻ തയ്യാറാക്കി എന്നറിഞ്ഞതിൽ വളരെ അധികം സന്തോഷം. കുട്ടികളുടെ ക്രിയാത്മകത കണ്ടെത്തുന്നതിനുള്ള  ശ്രമങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു



ശ്രീ അനോജ്
P TAപ്രസിഡന്റ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളും സ്മാർട്ട് ക്ലാസ്സായി മാറുകയാണ്. ഇതിന്റെ ഭാഗമായി ഡി.ജി.എച്ച്.എച്ച്. എസ്സ്. താനൂരിലെ IT Club ആയ ലിറ്റിൽ കൈറ്റ് നിർമ്മിക്കുന്ന പൂമ്പാറ്റ എന്ന ഡിജിറ്റൽ മാഗസിന്  എല്ലാ വിധ ആശംസകളും നേരുന്നു.



ദേവധാർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ
ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ
തയാറാക്കിയ ഇ-മാഗസിൻ സർഗ്ഗ
ചൈതന്യം കൊണ്ടും
രൂപകൽപ്പനകൊണ്ടും മികച്ച നിൽക്കുന്നു
എന്നറിയുന്നതിൽ
സന്തോഷിക്കുന്നു. എല്ലാവിധ
ആശംസകളോടെ..........

പ്രിൻസിപ്പാൾ

താരാബാബു.ടി



വിവര സാങ്കേതിക മേഖലയിലെ ലോകത്തിന്റെ വളർച്ച കുഞ്ഞുങ്ങളിലേക്കെത്തിക്കാനുള്ള "ലിറ്റിൽ കൈറ്റ്സ്" എന്ന പ്രസ്ഥാനം ആ പേര് കൊണ്ട് തന്നെ ശ്രദ്ധ ആകർഷിക്കുന്നു. ഉയരങ്ങളിലേക്ക്, നൂതന ആകാശങ്ങളിലേക്ക് പറന്നുയരുക എന്നതാണ് ഒരു പട്ടത്തിന്റെ ദൗത്യം, അല്ലെങ്കിൽ ജീവിതലക്ഷ്യം. അതുപോലെ വിജ്ഞാനത്തിന്റെ അനന്തമായ ചക്രവാളം നിങ്ങളെ കാത്തു കൊണ്ടിരിക്കുന്നു. അതെത്തിപ്പിടിക്കാൻ ഒരുങ്ങുകയാണ് നമ്മൾ.

ആ യാത്രയിൽ സ്വന്തം ദൗത്യം നിറവേറ്റി ഉന്നതങ്ങളിലെത്തുമ്പോൾ നാം ഓർക്കുക, ഭൂമിയിലെ ഓരോ പുൽക്കൊടിയും കുഞ്ഞു പൂക്കളും നിങ്ങളുടെ വളർച്ചയിൽ അഭിമാനം കൊള്ളുന്നു എന്ന്. അവർക്കു വേണ്ടി നമുക്ക് ഒരുപാടൊരുപാട് ചെയ്യാനുണ്ട്. അതേസമയം ഗുരുത്വാകർഷണത്തെ അതിജീവിക്കാൻ കാറ്റ് സഹായിക്കുമ്പോഴും ഗതി തെറ്റാതിരിക്കാൻ പട്ടത്തിന്റെ നൂലാണ് സഹായിക്കുന്നത് എന്നും ഓർക്കുക. അതുപോലെ തന്നെ പ്രധാനമാണ് വാലും.

ഓരോ ചരാചരങ്ങൾക്കും ലോക നന്മയിൽ അതിന്റേതായ ദൗത്യമുണ്ട്. അതുകൊണ്ട് പ്രിയപ്പെട്ട കുട്ടികളെ , നാം ഉയരങ്ങൾ കീഴടക്കുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുകയും സമൂഹത്തോടുള്ള കടമ നിറവേറ്റാൻ സ്വയം പ്രാപ്തരാവുകയും ചെയ്യുക.

നന്മകൾ നിങ്ങളിലൂടെ സമൂഹത്തിൽ എത്തിക്കുക - അതിനു സജ്ജരാവുക - സ്വയം അറിയുക - പുതിയ അറിവുകൾക്കായി ഉയരങ്ങൾ കീഴടക്കുക. ഈ പ്രസിദ്ധീകരണത്തിന് ആയിരമായിരം ആശംസകൾ.

ദാക്ഷായണി .കെ

ഹെഡ്മിസ്ട്രസ്

2018-19 വർഷത്തിൽ ദേവധാർ ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ വിദ്യാർത്ഥികൾ ഇ-മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. വിവര സാങ്കേതിക വിദ്യയിൽ നമ്മുടെ കുട്ടികൾ അനന്ത വിഹായസ്സിലേക്ക് ഉയരട്ടെ. വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഈ ഇ-മാഗസിന് എല്ലാ ആശംസകളും നേരുന്നു.



*പ്രദീപ് കുമാർ*
*ഡെപ്യൂട്ടി. എച്ച്.എം*

*"ചിറകുകൾ ഇല്ലെങ്കിലെന്ത്*
*പറക്കാൻ ഒരാകാശമുണ്ടെങ്കിൽ "*

എന്ന വാക്കുകൾ ഓർമവരുന്നു. ക്ലാസ് മുറികൾ വിട്ട് അറിവിന്റെ അനന്ത വിഹായസ്സിൽ സഞ്ചരിക്കുമ്പോഴാണ് വിദ്യാഭ്യാസം അതിന്റെ ലക്ഷ്യത്തിലെത്തുക എന്നത് ഏവരും അംഗീകരിച്ചതാണ് . ഇവിടെയാണ് ലിറ്റിൽ കൈറ്റ്സ്, ഇ-മാഗസിന്റെ പ്രസക്തി.സർഗഭാവനയുടേത് മാത്രമല്ല ; വിവരസാങ്കേതികതയുടേതും കൂടിയാണ് പുതിയ കാലം.ഉയരങ്ങളിൽ നിന്നും കൂടുതൽ ഉയരങ്ങളിലേക്ക് ലിറ്റിൽ കൈറ്റ്സിന്റെ ഇ-മാഗസിൻ എത്തട്ടെ എന്ന് ആശംസിക്കുന്നു.



*ബിജു.കെ.കെ*
*സ്റ്റാഫ് സെക്രട്ടറി*

സ്വപ്നങ്ങളും ഭാവനകളുമാണ് ഈ ലോകത്തെ ഇത്ര മനോഹരം ആക്കുന്നത്. യാഥാർത്ഥ്യങ്ങളുടെ കനൽ വഴികളിലൂടെ നടക്കുമ്പോൾ പ്രതീക്ഷയുടെ മൊട്ടുകൾ വിരിയുന്നതും ആ വർണ്ണ പ്രപഞ്ചം കൂടെ ഉള്ളത് കൊണ്ടാണ് .നാളെയുടെ പ്രതിനിധികളുടെ ഈ സംരംഭത്തിനു എല്ലാ വിധ ആശംസകളും ....



*ബിന്ദു മോൾ*
*എസ്.ആർ.ജി*
*കൺവീനർ*



നൂല്
പൊട്ടി
ഒരു
പട്ടം
ആകാശത്ത്
നൃത്തം ചെയ്യുന്നുണ്ട്.
ഓരോ കുഞ്ഞു കാറ്റിലും
അത്
തലയാട്ടുന്നുമുണ്ട്.
വിടരുന്ന
ഈ ഇളം താളുകൾ
ദേവധാറിലെ
പൂത്തുലയുന്ന
സർഗ്ഗവസന്തമാണ്.
ഏറ്റുവാങ്ങുക
ഈ
പൂക്കളെ,
പൂക്കാലത്തെ,
**പൂപ്പ** യെ....

സസ്നേഹം
ചീഫ്എഡിറ്റർ





# ഉള്ളടക്കം


പറന്ന് പറന്ന് ഹനാൻ....12

ഫുൾ എ പ്ലസ് (full A+)....14

കേരളം....15

ഒത്തൊരുമിച്ച്....16

ഭൂമിശാസ്ത്രത്തിലെ നീലവരകൾ....17

മഴ....18

പാഠം പലത് : കൃഷി ഒന്ന്....19

നന്നായി പഠിക്കാം,കളിക്കാം....20

ഞാൻ....21

പ്രകൃതിയുടെ കൈകളാൽ....22

വർഷത്തിന് ശേഷം പടിയിറങ്ങുമ്പോൾ....23

ജീവിതം....25

എന്റെ കുഞ്ഞുനൊമ്പരം....26

मां....27

....27

പ്രളയം നമ്മോട് പറയുന്നു....28

നീലാംസ്ട്രോംങ് ദേവധാറിൽ....29

സ്വപ്നം....30

കടലോളൈ മദിരാസി....32

അമ്മ....33

....34

....34

വായനാക്കുറിപ്പ് നനയാത്ത മഴ....35

ACQUISITION OF ARABIC LANGUAGE SKILLS IN THE SECONDARY LEVEL....36

....37

ഹരിജൻ ബാലൻ....38

പരിണാമം....39

ഒപ്പണ്ടോ....? മ്മള് പൊളിക്കും........!!!....40

GET 20 minutes Daily....42

ഉപ്പിലിട്ട ചില ജീവിതങ്ങൾ....43

أَصْحاَبُ جاَئِزُو نُوبل....45

Friendship....46

....46

മ്മളെ സിൽമ കണ്ട്ക്ക്ണോ....47

പ്രളയം ഒരു കണ്ണീരായി....48

....51

യക്ഷിപ്പനകൾ....51

....51

കേരളീയം....52

പിൻവിളികൾ....53

കരവിരുതുകളിലൂടെ....54

ബാല്യ കാല നൊമ്പരങ്ങൾ....55

അഭിമുഖം

ഹർഡിലുകൾക്ക് മീതേ

# പറന്ന് പറന്ന് ഹനാൻ

തോൽക്കാൻ എനിക്കിഷ്ട്ടമല്ല .വിജയിച്ച കാണിക്കേണ്ടത് എന്റെയു മാത്രമായ ഒരു വാശിയായിരുന്നു.എന്നും തോറ്റ് കൊണ്ടിരിക്കുന്നവർക്കിടയിൽ നിന്നാണ് ഞാൻ വരുന്നത്. ജയിക്കുമെന്ന് ഒരോ തവണയും ഞാനെന്നെ വിശ്വസിപ്പിച്ചു. ഒടുവിൽ
ഞാനാ ലക്ഷ്യത്തിലെത്തി.
വിജയത്തിന്റെ
മഹാസന്തോഷം.....

**ആദ്യമത്സരം**

സ്കൂളിലായിരുന്നു എന്റെ ആദ്യ മത്സരം.റഷീദ് മാസ്റ്ററാണ് ഒന്നാം ക്ലാസ്സിൽ എന്നെ ട്രാക്കിലേക്ക് കൈപിടിച്ചത്.100,50 മീറ്റർ സ്പ്രിന്റ് ഇനങ്ങളിലായിരുന്നു ഞാനാദ്യമായി മത്സരിച്ചത്.600,400 മീറ്റർ ഇനങ്ങളിലേക്ക് പിന്നീട് മാറുകയും ചെയ്തു.



**അവിസ്മരണീയ നേട്ടം**

ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ നടന്ന ദേശീയ സ്കൂൾ കായികമേളയിൽ 100 മീറ്റർ ഹർഡിൽസിൽ ഈ വർഷം സ്വർണ്ണം നേടിയത് തന്നെയാണ് എന്റെ കായിക ജീവിതത്തിലെ അവിസ്മരണീയ നേട്ടം.അതും റെക്കോർഡോടെ

**പരിശീലനം**

എന്റെ ആദ്യ പരിശീലകൻ എന്റെ സഹോദരൻ ഹർഷാദ് തന്നെയാണ്.എന്റെ സഹോദരനിൽ നിന്ന് ലഭിച്ച പ്രചോദനമാണ് എന്നെ ഒരു കായിക താരമാക്കി മാറ്റിയത്.കോഴിക്കോട് കായിക പരിശീലന കോളേജിൽ BPED വിദ്യാർത്ഥിയാണ് സഹോദരൻ.തന്റെ പഠനത്തിന് പുറമെ അനുജനെ ഒരു കായിക താരമാക്കാൻ വേണ്ടി കഠിനമായി പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. എന്റെ ഏട്ടൻ സ്വന്തമായി പണം മുടക്കിയാണ് ഞങ്ങളിപ്പോൾ പരിശീലിക്കുന്നത്. കാട്ടിലങ്ങാടി മൈതാനത്തിലും തിരൂരിലെ സ്റ്റേഡിയത്തിലുമാണ് ഇപ്പോൾ പരിശീലനം നടത്തുന്നത്.രഘുപ്രസാദ് ഡോക്ടർ ഞങ്ങളെ പരിശീലനത്തിന് നല്ല രീതിയിൽ സഹായിക്കുന്നുണ്ട്.

## സ്പോർട്സിലേക്കുള്ള വരവ്

സ്പോർട്സ്സ് ഏറെ ഇഷ്ട്ടപ്പെടുന്ന കുടുംബമാണ് എന്റേത്.വല്ല്യപ്പ മുതൽ സ്പോർട്സിലുണ്ട്.എന്റെ സഹോദരങ്ങളും എന്നെ കായികതാരമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ദേവധാർ സ്കൂൾ മൈതാനത്തിലെത്തി എന്റെ സഹോദരങ്ങൾ രണ്ട് പേർ പരിശീലനം നേടുന്നുണ്ട്.അത് കണ്ട് ഇഷ്ടപ്പെട്ടാണ് സ്പോർട്സിലേക്ക് എത്തിയത്.ദീർഘദൂര ഇനങ്ങളിലാണ് ഉപ്പ ഉണ്ടായിരുന്നത്.ഉമ്മ ലോങ്ജമ്പിലും.

## ഇഷ്ടഇനം

ഹർഡിൽസാണ് എന്റെ ഇഷ്ടഇനം.തുടക്കം സ്പ്രിന്റ് ഇനങ്ങളിലായിരുന്നു.ഒന്നാം ക്ലാസ്സിലേ 100 മീറ്ററിൽ ഞാൻ അരങ്ങേറി.അന്ന് സ്പ്രിന്റ് ഇനങ്ങളിലായിരുന്നു. ശ്രദ്ധ പിന്നീട് മിഡിൽ ഡിസ്റ്റൻസ് ഇനങ്ങളിൽ കേന്ദ്രീകരിച്ചു.400,600 മീറ്ററിൽ ആയിരുന്നു ഓടിയിരുന്നത് .പിന്നീടാണ് എന്റെ സഹോദരങ്ങൾ തന്നെ എന്നെ ഹർഡിൽസിലേക്ക് വഴിതിരിച്ചത് .മികച്ച സമയത്തിൽ ഇനി കൂടുതൽ നേട്ടങ്ങളിൽ എത്തണം എന്നാണ് ഇനി എന്റെ ആഗ്രഹം.

## *കുടുംബം*

*എന്റെ ഏറ്റവും വലിയ ഭാഗ്യം എന്റെ കുടുംബമാണ്.ഇടത്തും വലത്തും എന്റെ 2 സഹോദരങ്ങൾ എന്നും എന്നോടൊപ്പം ഉണ്ടായിരുന്നു.അവർ തന്നെയാണ് എന്നിലെ കായികതാരത്തെ വാർത്തെടുത്തത്.*

## *പ്രയാസങ്ങളുടെ നടുവിൽ*

പ്രയാസങ്ങൾ മാത്രമാണ് എന്റെ കായിക ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി. ഒരു അത് ലറ്റിന് ആദ്യം വേണ്ടത് ഓടാനുള്ള മൈതാനം ആണല്ലോ? അതിവിടില്ല. പിന്നെ പരിശീലനത്തിനുള്ള ഉപകരണങ്ങളും.കടുത്ത ഈ പ്രയാസങ്ങളോട് തന്നെയാണ് ഒരു കായികതാരം എന്ന എന്റെ ഇച്ഛാശക്തി മത്സരിച്ച് കൊണ്ടിരുന്നത്. നിരന്തരമായി കായിക ഇനങ്ങളിൽ മത്സരിച്ചിട്ടും വിജയം മാത്രം അകന്നു നിന്നു. കഠിനമായി പരിശീലിച്ചിട്ടും റിസൾട്ട് മാത്രം കിട്ടുന്നില്ല .എല്ലാവരും ഇതിൽ നന്നായി വിമർശിച്ചു. ഈ നിരാശകളുടെ തുടർച്ചയിൽ വിജയിക്കണമെന്നായിരുന്നു എന്റെ വാശി. ദേശീയ തലത്തിൽ ഒരു മെഡൽ! അത് നേടുക തന്നെ ചെയ്യുമെന്ന് ഞാൻ എന്നോട് തന്നെ പറഞ്ഞു. ഒടുവിൽ ഈ പ്രയാസങ്ങളെല്ലാം എനിക്കു മറികടക്കാനായത് സ്വപ്നം കണ്ട വിജയം കൊണ്ടായിരുന്നു. പ്രശസ്തമായ അക്കാദമിയുടെ പേരൊന്നും എനിക്കു പറയാനില്ല.

## വിജയങ്ങൾ

സംസ്ഥാന സ്കൂൾ മീറ്റിൽ സബ് ജൂനിയർ തലത്തിൽ 80 മീറ്റർ ഹർഡിൽസിൽ ഓട്ടുമെഡൽ നേടിയാണ് തുടങ്ങിയത്. സംസ്ഥാന അമച്വർ അത് ല്റ്റിക് മീറ്റിൽ 600 മീറ്ററിലും ബ്രോൺസ് മെഡൽ നേടി. പത്താം തരത്തിൽ പഠിക്കുമ്പോൾ ഇന്റർ ക്ലബ് സ്റ്റേറ്റ് മീറ്റിൽ സ്വർണവും മീറ്റ് റെക്കോഡും നേടി.14.03 സെക്കന്റാണ് സമയം.ഗുണ്ടൂരിൽ നടന്ന ദേശീയ മീറ്റിലും 100 മീറ്റർ ഹർഡിൽസിൽ സ്വർണം നേടി.

<u>**ഫുൾ എ പ്ലസ്**</u>

മേൽമുണ്ടും കസവുവേഷ്ടിയും
വരമ്പത്ത് നിന്നതാണ്
കോണകവും പാളത്തൊപ്പിയുമാണ്
ചെളിയിലിറങ്ങിയതും പണിയെടുത്തതും

നമ്മുടെ ദേശീയവസ്ത്രത്തെ പറ്റി
ചുരുക്കി വിവരിക്കുക
പരീക്ഷയിലെ പതിമൂന്നാമത്തെ ചോദ്യം
അങ്ങനെയായിരുന്നു .

കോണകത്തിന്റേയും പാളത്തൊപ്പിയുടേയും
ചെറുമക്കൾ
മേൽമുണ്ടിനേയും കസവുവേഷ്ടിയെപ്പറ്റിയും
വിശദമായി എഴുതി.

റിസൽറ്റ് വന്നു.
ഫുള്ളേപ്ലസ്സായിരുന്നു.



നൗഷാദ്കുട്ടോത്ത്
HSA English

# കേരളം



സഹ്യനാണച്ഛൻ
സാഗരം അമ്മ
അച്ഛനും അമ്മയ്ക്കുമിടയിൽ
പച്ചയുടുപ്പിട്ട് ഞാനും
മലയാളമാണെന്റെ ഭാഷ
മധുരം തുളുമ്പുന്ന ഭാഷ
അലയാഴിക്കപ്പുറം
മലനിരക്കപ്പുറം
മലർഗന്ധമേകിടും ഭാഷ
ആറുകളാഭരണങ്ങൾ
വയലോ ഉടയാട
കാർകൂന്തലോ കാർമേഘം
തട്ടമിടുന്നത് വെൺമേഘം



Nayana mithra
8P

# <u>ഒത്തൊരുമിച്ച്</u>



ഒന്നേ ഒന്നേ ഒത്തൊരുമിച്ച്
എണ്ണൽപ്പാട്ടുകൾ പാടീടാം





രണ്ടേ ഡുംഡുംഡുംഡും
ചെണ്ടയടിച്ചു രസിച്ചീടാം

മൂന്നേ മൂന്നേ മുറ്റം നിറയെ
പൂക്കളമിട്ടു കളിച്ചീടാം






നാലേ നാലേ മുല്ലപ്പൂവും
മുടിയിൽ ചൂടി നടന്നീടാം



അഞ്ചേ അഞ്ചേ മഞ്ചാടിക്കുരു
സഞ്ചി നിറച്ചു പെറുക്കീടാം





ആറേ ആറേ പറവ കണക്കേ
ഊഞ്ഞാലാടി പാറീടാം

ഏഴേ ഏഴേ പുഴവെള്ളത്തിൽ
മുങ്ങിപ്പൊങ്ങി രസിച്ചീടാം





എട്ടേ എട്ടേ കൈകൾ കൊട്ടി
വട്ടം നിന്ന് കളിച്ചീടാം






ഒമ്പതേയൊമ്പതേ തുമ്പച്ചോട്ടിൽ
തുമ്പികളെപ്പോൽ കളിയാടാം

പത്തേ പത്തേ മുറ്റം നിറയെ
മത്താപ്പൂവ് തെളിച്ചീടാം .








ആദിത്യ.സി
V-A

കഥ

# ഭൂമിശാസ്ത്രത്തിലെ നീലവരകൾ



അപ്പുന് മനസ്സിലായി. ചില ചിരികളുടെ തുടർച്ചകൾ
തന്നെ പിന്തുടരുന്നുണ്ടെന്ന്. ചാഞ്ഞും ചെരിഞ്ഞുമുള്ള
ചില നോട്ടങ്ങളും.
പത്താം തരം ഒരു സാധാരണ അക്കമല്ലെന്നും,
കനമുള്ള ചില പ്രതീക്ഷകളുടെ ഭാരം പൂണ്ട
ഞെരിച്ചമർത്തലുകൾക്ക് ഇടയിലെവിടെയോ
തന്നെ നഷ്ടപ്പെടുന്നുമുണ്ടെന്ന്.
കടൽ ഒരു നീലക്കണ്ണാടിയാണെന്ന്
തോന്നാതിരുന്നില്ല.മീനുകൾ നീന്തുന്ന ഒരു ചിത്ര
പുസ്തകത്തിലെ നിറങ്ങളിൽ നീല മാത്രം പടർന്നു.
ഒരു മഷിക്കൂട് പോലെ അത് ജലോപരിതലത്തിൽ




നിന്നും താഴേക്ക് താഴേക്ക് പോയി.
ഭൂമിശാസ്ത്രം ക്ലാസ്സുറിയിൽ നിന്നായിരുന്നു വാറ്
പൊട്ടിയ ചെരിപ്പുകൾ സ്കൂൾ മുറ്റത്തേക്ക്
തെറിച്ചുവീണത്.തേഞ്ഞുതീർന്ന ചെരിപ്പുകളിൽ
മഞ്ഞ വെയിലടയാളങ്ങൾ മാത്രം പൊള്ളിനിന്നു.
ക്ലാസിൽ ചിരിക്കുന്നതും കുറ്റവിചാരണയിൽ
ഉൾപ്പെടുത്തിയപ്പോൾ അവന്റെ ഖേദങ്ങളിൽ
ഭൂമിശാസ്ത്രത്തിലെ നീലവരകളില്ലായിരുന്നു.
മഞ്ഞ വെയിലുകളും.
ചിരിച്ച്ചിരിച്ച്.....അവൻ ചിരിയുടെ ഭൂമിയിലേക്ക്
നീലവരകളിലൂടെ നടന്നു പോയി.




അനിൽ ജിടികെ
HSA Social Science

**മഴ**



മഴ വരുന്നു മഴ വരുന്നു
കോരി കോരി ചൊരിയുന്നു

ഇടിയും മിന്നലും ഒരുമിച്ച്
കാറ്റും മഴയും വേറിട്ട്

പലപലതായി പെയ്യുന്നു
എന്തൊരു കാറ്റ് എന്തൊരു മഴ

ഇനിയും വരുമോ ഈ
കാലവർഷം

അനഘശ്രീ.പി

8F

# പാഠം പലത് : കൃഷി ഒന്ന്

വെണ്ട ..

തക്കാളി ..

ചീര..

പയർ..

ഹാജർ... സാർ............



# നന്നായി പഠിക്കാം,കളിക്കാം



സ്കൂൾ തുറന്നല്ലോ.ഇനി ഉല്ലസിച്ചു പഠിക്കാം. പക്ഷേ,പഠനം മാത്രം പോരാ, കളിയും വേണം.പഠനം അറിവ് തരും. അറിയാത്ത ലോകങ്ങൾ കാണിച്ചുതരും.അതു മനസ്സിന്റെ ശക്തിയും ആരോഗ്യവും കൂട്ടും. ശരീരത്തിന്റെ ആരോഗ്യത്തിനു കളികളും വ്യായാമവും വേണം. കൂട്ടുകൂടി പലതരം കളികളിലേർപ്പെട്ട് ശരീരം വിയർക്കണം. വ്യായാമമുറകൾ ശീലിക്കണം..രാവിലെ ഉണർന്നു വ്യായാമം ചെയ്യാം. അപ്പോൾ അവയവങ്ങൾ ഉറയ്ക്കും. ദഹനപ്രക്രിയ നന്നായി നടക്കും. പെൺകുട്ടികളും മൈതാനത്തു കളിക്കണം. കളിസ്ഥലം എല്ലാവർക്കും ഉള്ളതാണ്.നന്നായി കളിച്ചാൽ രക്തയോട്ടം വർധിക്കും, ഉന്മേഷം



കിട്ടും .ഉന്മേഷമുണ്ടെങ്കിൽ നന്നായി പഠിക്കാം. നന്നായി പഠിക്കാൻ നന്നായി കളിക്കുക.അറിവും ആരോഗ്യവും ഒരുപോലെ പ്രാധാനം.

NIHAD.K

6.G

# ഞാൻ

**അമ്മ**
ഇരുട്ടിൽ
എനിക്ക് വെളിച്ചമേകുന്ന മെഴുകുതിരി,
**അച്ഛൻ**
ഞാനറിയാതെ പുലരിയിലും
സന്ധ്യയിലും പ്രതീക്ഷകൾ
നെയ്യുന്ന വേഴാമ്പൽ,
**ഗുരു**
അമ്മിഞ്ഞപ്പാലും
അറിവിന്റെ മധുരവും
ഒന്നാണെന്ന് ദർശിച്ച സത്യം,
**സുഹൃത്ത്**
എന്നെ എനിക്കറിയുവാൻ
ഞാനുപയോഗിച്ച  കണ്ണാടി,
**ഞാൻ**
അമ്മയുടെ വെളിച്ചത്തിലും
അച്ഛന്റെ പ്രതീക്ഷയിലും
സുഹൃത്തിന്റെ കണ്ണാടിയിലും
ഒരിക്കലും പ്രത്യക്ഷപ്പെടാത്ത
വെറുമൊരു സ്വപ്നം.



Rifana P
9J

കഥ

# പ്രകൃതിയുടെ കൈകളാൽ

പ്രകൃതിയെ സ്നേഹിക്കുന്ന ഒരു നല്ല കുട്ടിയാണ് ആലീസ്. ധാരാളം മരങ്ങളും എല്ലാ പൂക്കളും അടങ്ങിയ ഒരു കൊച്ചു പൂന്തോട്ടവും ഇതെല്ലാം ആയിരുന്നു അവളുടെ സ്വപ്നം. പൂന്തോട്ടത്തിനു നടുവിൽ ഒരു കൊച്ചു കുളവും അവളുടെ ഭാവനയിൽ ഉണ്ടായിരുന്നു. പക്ഷേ ഇതെല്ലാം തന്നെ അവളുടെ ഗ്രാമത്തിൽ പോകുമ്പോഴേ ആസ്വദിക്കാൻ കഴിയൂ. അവൾ താമസിക്കുന്നത് നഗരത്തിലെ ഒരു ഫ്ലാറ്റിലാണ്. അവളുടെ അച്ഛനമമ്മയും അവിടെയാണ് ജോലി ചെയ്യുന്നത്. പ്രകൃതിയെ സ്നേഹിക്കുന്ന അതിലെ ജീവജാലങ്ങളെ ഇഷ്ടപ്പെട്ടിരുന്ന ആലീസ് ആ ഫ്ലാറ്റിൽ തികച്ചും ഏകാന്തത അനുഭവിച്ചിരുന്നു. അവൾക്ക് അവിടെ വർത്തമാനം പറയാനോ കളിചിരികൾ പങ്കുവെക്കാനോ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആലീസ് ആ നഗരത്തിലെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിച്ചിരുന്നത്. ഉച്ചയാവുമ്പോഴേക്കും സ്കൂൾ വീടും. പിന്നീട് ആ ഫ്ലാറ്റിൽ അവൾ ഒറ്റയ്ക്കാണ്. പുറത്തേക്ക് ജനലഴികളിലൂടെ എത്തിനോക്കുന്ന അവൾക്ക് അനുഭവപ്പെടാൻ കഴിയുന്നത് വാഹനങ്ങളിൽ നിന്നുള്ള പുക ഉയർന്നു പൊങ്ങുമ്പോൾ ഉണ്ടാകുന്ന ദുർഗന്ധവും അടുത്തുള്ള ഫാക്ടറികളിൽ നിന്ന് ഉയർന്നുപൊങ്ങുന്ന മാലിന്യത്തിന്റെ മടുപ്പിക്കുന്ന ഗന്ധവും ആണ്. അതിനാൽ തന്നെ അവൾ ജനൽ തുറക്കാറില്ല. വീട്ടിനുള്ളിൽ തന്നെ അച്ഛനേയും അമ്മയേയും കാത്തിരിക്കുകയായിരുന്നു അവളുടെ പതിവ്. നേരം വൈകി പ്രകൃതിഭംഗി ആസ്വദിക്കാൻ പോലും കഴിയാതെ ഫ്ളാറ്റിനുള്ളിൽ ഇരിക്കുന്ന അവൾക്ക് തികച്ചും ഏകാന്തതയും സങ്കടവും അനുഭവപ്പെട്ടിരുന്നു.
വീട്ടിൽ തിരിച്ചെത്തിയ അമ്മയോട് അവൾ കാര്യം പറഞ്ഞു. **അമ്മയ്ക്ക്** അവളുടെ ഏകാന്തതയിൽ സങ്കടം തോന്നി. അമ്മ അവളെ സമാധാനിപ്പിച്ചു. അവധിക്കാലം ആവുമ്പോൾ ഗ്രാമത്തിൽ പോകാമെന്നും മുത്തച്ഛന്റേയും മുത്തശ്ശിയുടെയും കൂടെ താമസിക്കാമെന്നും അമ്മ അവൾക്ക് വാഗ്ദാനം നൽകി. ഇത് കേട്ട് അവൾ സന്തോഷിച്ചു. ചെടികളെ വളർത്തുന്നത് അവൾക്ക് പൊതുവേ ഇഷ്ടമുള്ള കാര്യമായിരുന്നു. കാലം കടന്നുപോയി ,അവധിക്കാലം എത്തി, അവളാകെ സന്തോഷിച്ചു. പോവാൻ തയ്യാറായി ഗ്രാമത്തിലെത്തിയ അവൾക്ക് ഏറെ സന്തോഷമായി. രാവിലെതന്നെ മുത്തശ്ശിയുടെ കൂടെ വയലിലേക്ക് പോയി ഒരുപാട് ആഹ്ലാദിച്ചു.



അവളോടൊപ്പം കളിക്കാൻ അവിടെ ധാരാളം കൂട്ടുകാർ ഉണ്ടായിരുന്നു. അവൾക്ക് അവിടെ നന്നായി ബോധിച്ചു. സ്കൂൾ തുറക്കാറായി. അവൾക്ക് അവിടെ വിട്ടുപോകുവാൻ തീരെ ആഗ്രഹം തോന്നിയില്ല. അച്ഛനോടും അമ്മയോടും അവൾ കരഞ്ഞ് അഭ്യർത്ഥിച്ചു ഗ്രാമത്തിൽനിന്ന് പഠിച്ചാൽ മതിയെന്ന്. അച്ഛന് അതിൽനിന്ന് തീരെ താല്പര്യം തോന്നിയില്ല. അച്ഛൻ നിർബന്ധിച്ച് അവളെ നഗരത്തിലേക്ക് കൊണ്ടുപോയി നഗരത്തിലെത്തി ആലീസിനെ വിഷമം കണ്ട് അച്ഛനും അമ്മയ്ക്കും സഹിച്ചില്ല. അവർ ഇരുവരും ഗ്രാമത്തിലേക്ക് മടങ്ങാൻ തീരുമാനിച്ചു. അവിടെ ഒരു ചെറിയ ബിസിനസുമായി മൂവരും സന്തോഷത്തോടെ ജീവിച്ചു. ആലീസ് പ്രകൃതിയെ സ്നേഹിച്ച് ജീവജാലങ്ങളോട് ആശയവിനിമയം നടത്തി. **ഭാവിയിൽ** അവളൊരു പ്രകൃതിയെ കുറിച്ച് പഠിക്കുന്ന വ്യക്തിയായി തീർന്നു.

Noufira Thesni
6D

# വർഷത്തിന് ശേഷം പടിയിറങ്ങുമ്പോൾ



## എന്റെ കുടുംബം

25 കുടുംബാംഗങ്ങളും (അച്ഛന്റെ സഹോദര കുടുംബം) 5 ജോലിക്കാരും അടങ്ങുന്ന കുടുംബത്തിലായിരുന്നു ജനനം. നാട്ടുപ്രമാണികൾ ആയ ഞങ്ങളെ അറിയാത്തവരായി ആരുമില്ല. വീട്ടുപേര് പോലെ (കൊട്ടാരം) സമൃദ്ധമായ വീട്. കുട്ടിക്കാലം നന്നായി ആസ്വദിച്ചു. പരസ്പരം സ്നേഹിക്കാൻ മാത്രം പഠിച്ചു. നാടിനെ മുഴുവൻ ഗ്രസിച്ച ക്ഷാമകാലത്തെ പലപ്പോഴും അരവയർ മാത്രമുണ്ട് ഞങ്ങളെ  ഊട്ടിയിരുന്ന രക്ഷിതാക്കൾ  ഓർമകളിൽ ഇന്നും ഗദ്ഗദമായി അവശേഷിക്കുന്നു.

## എന്റെ വിദ്യാലയ യാത്ര

നാഴികകൾ താണ്ടിയുള്ള  വിദ്യാലയ യാത്ര കൂട്ടുകാരോടൊത്ത് . അന്യന്റെ പറമ്പിലെ പുളിയും നെല്ലിക്കയും മാങ്ങയും പറിച്ചതിന്, കാതടപ്പിക്കുന്ന തരത്തിലുള്ള മൊതലാളിയുടെ ചീത്ത പറച്ചിൽ , എല്ലാം എത്ര രസമായിരുന്നു. മഴക്കാലത്ത് അധ്യാപകരെ പറ്റിക്കാൻ  വെള്ളകെട്ടിൽ മന:പൂർവ്വം ഇറങ്ങി  പാവാട നനച്ച് ചെന്ന് ക്ലാസുകളിൽ  ഇരിക്കേണ്ട  എന്ന ആനുകൂല്യം, പൊടിയന ഇലയിൽ കിട്ടുന്ന ഉപ്പുമാവ്,അധ്യാപകർ തരുന്ന കളർ ചോക്ക് അതെല്ലാം ഇന്നും ഓർമച്ചെപ്പിലുണ്ട്.

## തുടർന്നുള്ള ജീവിതം

1986 sept 13 ന് ഭർത്തൃ വീട്ടിലേക്ക് കൂടുമാറി. അധ്യാപികയായ ഭർതൃമാതാവ്. റെയിൽവെ ഉദ്യേഗസ്ഥനായ ഭർത്താവ് ,ആറ് മക്കൾ നിറഞ്ഞ കുടുംബം.. രണ്ടു പെൺമക്കൾ ആയുർവേദ ഡോക്ടർമാർ, വിദ്യാലയ സാമീപ്യം, അവിടെ തന്നെ അധ്യാപികയായി ജോലിയിൽ കയറി.

## ആദ്യ ചുമതല

ആദ്യം ചുമതല ഏറ്റെടുത്ത വിദ്യാലയം എന്റെ എൽപി സ്കൂൾ തന്നെ ക്ലാസ്സും പരിസരവും വൃത്തിയാക്കുക എന്നത് ഞങ്ങൾ ഓരോരുത്തരുടെയും ചുമതലയായി ഏറ്റെടുക്കുകയായിരുന്ന പലപ്പോഴും ഊഴമിട്ട് ആയിരുന്ന ചുമതല ഏറ്റെടുത്തിരുന്നത്.

### പ്രധാന അധ്യാപികയായി

1992ൽ H S A P S C ,അടുത്തു തന്നെയുള്ള DG HSSൽ. പ്രധാന അധ്യാപികയായിതൃശ്ശൂർ ജില്ലയിലെ എളവള്ളില്ലാണ് ആദ്യം ചുമതല ഏറ്റത്. 12 വർഷത്തിന് ശേഷം S S L Cയ്ക്ക് 100 ശതമാനം കൈവരിക്കാൻ എനിക്ക് സഹായകമായാത് ദേവധാർ പ്രവർത്തന പരിചയം മാത്രമാണ്. 6 മാസത്തിനു ശേഷം കാട്ടിലങ്ങാടി HSS ൽ എത്തി . സ്നേഹനിധികളായ സഹപ്രവർത്തകരും സമൂഹവും സകല പിന്തുണയും നൽകി .ചുരുങ്ങിയ കാലത്തെ സേവനത്തിനു ശേഷം എന്റെ ദേവധാർ കുടുംബത്തിലേക്കു തന്നെ തിരിച്ചെത്തി . കേരളത്തിലെ തന്നെ ഏറ്റവുമധികം കുട്ടികളുള്ള ഗവ. സ്കൂൾ എന്നത് ദേവധാറിന്റെ മാത്രം പെരുമയായാണ്. എന്റെ എല്ലാ വിജയത്തിന് പിന്നിലും എന്റെ സഹപ്രവർത്തകർ തന്നെയാണ്, സ്നേഹനിധികളായ വിദ്യാർത്ഥികളും അതിന്റെ ഒരു ഭാഗം തന്നെയാണ് .

### തങ്ങി നിൽക്കുന്ന നിമിഷങ്ങൾ......

ഔദ്യോഗിക ചുമതല ഒരു യുപി അധ്യാപിക എന്നനിലയിൽ C A U P Sൽ ആയിരുന്നു (1987 ജൂലൈ 15) അന്നത്തെ കുസൃതിക്കുരുന്നുകൾ തന്നെയാണ് ഏറെ ആകർഷിച്ചത്. പ്രവർത്തകരോട് ഒത്തുള്ള മധുരസ്മരണകൾ എച്ച് എസ് എ ,പി എസ് സി കിട്ടി യാത്രപറഞ്ഞപ്പോൾ സാരിയിൽ പിടിച്ചുതൂങ്ങി കരഞ്ഞ 5a ക്ലാസിലെ കുരുന്നുകൾ ഇന്നും നൊമ്പരമായി മനസ്സിൽ ഉണ്ട്. അക്കാലത്ത് മനസ്സിനെ ഏറ്റവുമധികം സ്വാധീനിച്ചത് പഠനത്തിൽ മുന്നോട്ടു ആണെങ്കിലും വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികളുടെ ഗൃഹസന്ദർശനം ആണ് . ജോലിയില്ലാത്ത ,രോഗസ്ഥരായ മാതാപിതാക്കളെ വരെ സംരക്ഷിച്ചിരുന്ന കുട്ടികൾ വരെ ഉണ്ട് . മനസ്സിനെ സ്വാധീനിച്ചിരുന്ന മാതൃഭാഷയെ അമ്മയായി നാം കണക്കാക്കുന്നു. അതുകൊണ്ടുതന്നെ ഭാഷ പഠിപ്പിക്കുമ്പോൾ പഠിതാക്കളുടെ അമ്മ എന്ന ഭാവം തന്നെയാണ് എന്നിൽ ഉണ്ടാവാറുള്ളത് തിരിച്ച പലപ്പോഴും ആ സ്ഥാനത്ത് എത്തി നിർത്തി കൊണ്ടുള്ള എന്റെ വിദ്യാർത്ഥികളുടെ സ്നേഹമാണ് എന്റെ സമ്പാദ്യം . ഭാഷാസ്നേഹികളായ ധാരാളംപേരെ സമൂഹത്തിന് നൽകാൻ കഴിഞ്ഞത് തന്നെയാണ് ഏറ്റവും വലിയ സംഭാവനയായി ഞാൻ കാണുന്നത് .

### ഓർമകളിലൂടെ

ഒരു മലയാളം അധ്യാപികയായും ടീച്ചറായും ജോലി ചെയ്യാനായിരുന്നു ഞാൻ ഏറ്റവുമധികം ആഗ്രഹിച്ചിരുന്നത്.എങ്കിലും ഈ സ്ഥാനത്ത് ഇരുന്നുകൊണ്ട് ചിന്തിക്കുമ്പോൾ പലരുടേയും പ്രശ്നങ്ങളിൽ സജീവമായി ഇടപെടാനും രമ്യമായി പരിഹരിക്കുവാനും അധ്യാപകർ ,വിദ്യാർത്ഥികൾ ,രക്ഷിതാക്കൾ എന്നിവരുമായുള്ള ഊഷ്മളമായ ബന്ധങ്ങൾ കാത്തു സൂക്ഷിക്കുവാനും സാധിച്ചു എന്നത് എന്റെ മഹാഭാഗ്യമായാണ് ഞാൻ കരുതുന്നത്. വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലെ നാഴികക്കല്ലായ ഹൈടെക് വല്കരണത്തിന്റെ ആരംഭഘട്ടത്തിൽ സജീവ പങ്കാളിത്തം വഹിക്കാൻ സാധിച്ച എന്നതും എന്റെ ഓർമ്മകളിൽ എന്നും ഹരിതാഭയോടെ നിലനിൽക്കും.

# ജീവിതം

കഥകൾ ചൊല്ലി
കവിതകൾ പാടി
ജീവിതമൊരു മഴയായി ഒഴുകുന്നു
ജീവിതം ഒരു കടലായി
തിരകൾ പാടി
കഥകൾ ചൊല്ലി
കവിതകൾ പാടി
കണ്ണുനീർ പൊഴിയും
പുഞ്ചിരി വിടരും
നമ്മുടെ ജീവിതം തിരകളായി മാറി
നമ്മുടെ ജീവിതം കഥകൾ ചൊല്ലി
നമ്മുടെ ജീവിതം കവിതകൾ പാടി



Navya .C
8B

# എന്റെ കുഞ്ഞുനൊമ്പരം

ചെമ്പരത്തിയും വിരിഞ്ഞ് നിന്നിരുന്നു. കഴിഞ്ഞ മഴയിൽ കൊഴിഞ്ഞതാവണം മുറ്റം നിറയെ ഇലകൾ .ഒന്ന് രണ്ട് വൃദ്ധരായ സ്ത്രീകൾ അതെല്ലാം പറക്കി കളയുന്നുണ്ട്.വേറേ ചില സ്ത്രീകൾ മുറ്റത്തെ ചാരുബെഞ്ചിൽ പുറത്തെ റോഡിലേക്ക് ആരെയോ പ്രതീക്ഷിച്ചപോലെ ഇരിക്കുന്നു.അവർക്കെല്ലാം എന്റെ അച്ഛമ്മയുടെ അതേ മുഖച്ഛായ തന്നെയാണെന്ന് ഞാൻ കുറച്ചൊരു കൗതുകത്തോടെ നോക്കികണ്ടു.ഡാഡിയും ഒപ്പം വേറൊരാളും കൂടി ഹാളിലൂടെ സംസാരിച്ചു കൊണ്ടു വരുന്നുണ്ടായിരുന്നു. ഡാഡിയുടെ മുഖം നിറയെ അവിടെ നിന്ന് എത്രയും പെട്ടെന്ന് രക്ഷപ്പെട്ടാൽമതി എന്ന ഭാവമായിരുന്നു.മമ്മിയുടെ മുഖത്ത് ഞാനെന്നും ഈ ഭാവമാണ് കാണാറ്.ഒപ്പം ആരോടൊക്കയോ ഉള്ള ദേഷ്യവും.വാക്കുകൾ ചതഞ്ഞ് അരഞ്ഞ് വീഴുകയും ഗ്ലാസ്സുകളും പാത്രങ്ങളും നിലത്ത് വീണുടയുന്ന ശബ്ദവും എന്റെ ചെവികൾക്ക് എന്നും പരിചിതമായിരുന്നു.



തിരിച്ച് പടികൾ ഇറങ്ങി മുറ്റം നിറയെ കൊഴിഞ്ഞ് കിടക്കുന്ന ഇലകൾക്കിടയിലൂടെ കാറിലേക്ക് കയറുമ്പോൾ അച്ഛമ്മ കൂടെയില്ല എന്ന തിരിച്ചറിവ് എനിക്ക് തന്ന വേദന ആഴമുള്ളതായിരുന്നു .പകച്ച എന്റെ നോട്ടമൊരു ചോദ്യചിഹ്നമായി ഡാഡിയുടെ മുഖത്ത് പതിച്ചു.ഡാഡിയുടെ അപ്പോഴത്തെ ഭാവം ഇംഗ്ലീഷിലെ ഒരക്ഷരം തെറ്റിപ്പോയാലോ അറിയാതെ മലയാളം നാവിൽ വന്ന് പോയാലോ ക്രോധത്തോടെ എരിച്ച് കളയുന്ന മിസ്സിനെ പോലെയായിരുന്നു .ഇനിയും ഒരുപാട് കഥകൾ പറയാൻ ബാക്കിയുണ്ടല്ലോ അച്ഛമ്മയ്ക്ക് എന്നോട് .വീർപ്പ് മുട്ടിക്കുന്ന പൊങ്ങച്ചത്തിന്റേയും ഈഗോയുടേയും നാല് ചുമരുകൾക്കുള്ളിൽ നിന്ന് കിതച്ച് ശ്വാസം മുട്ടി പുറത്ത് വരുമ്പോൾ സ്നേഹത്തിന്റെ വാൽസല്യം പകർന്നു തരാൻ അച്ഛമ്മ ഇനി എന്റെ കൂടെ ഉണ്ടാവില്ലേ ? ചിണുങ്ങി കരയാൻ ,പെയ്യാൻ വെമ്പി നിൽക്കുന്ന മഴനൂലുകൾക്കിടയിൽക്കൂടി ഗെയ്റ്റിൽ വലിയ അക്ഷരത്തിലെഴുതി വച്ച ബോർഡിലെ അക്ഷരങ്ങൾ ഞാൻ തപ്പി തടഞ്ഞ് വായിച്ചു , " ശരണാലയം ..

അനഘാ പവിത്രൻ. കെ

10 A

# मां

मां तू बड़ी दुलारी है
मां मन की तारा है
मेरे लिए एक नमूना है
प्यार की जालना......
हमेशा मेहरबानी है
जीवन बहुत आसमान है
मां ही पेशाब कुछ है
मां मंकी तारा
धीरज और सच्चाई
फिल्में चमकते चमकते तारे
करुणा और मार्ग निर्देशक
मां तू बहुत दुलारी है

Diya Fathima

10T

# പ്രളയം നമ്മോട് പറയുന്നു

*ഭൂമി ഒന്ന് ചുമൽ കുലുക്കി തിരിഞ്ഞിരുന്നാൽത്തീരാവുന്നതേയുള്ളൂ മനുഷ്യൻ.

*മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ എന്തൊക്കെയെന്നും , ഇങ്ങനെയുള്ള അവസ്ഥകളെ നേരിടാനുള്ള പ്രാഥമിക വിദ്യാഭ്യാസം കുട്ടികൾക്ക് കൊടുക്കണമെന്നും.

*നമ്മൾ മലയാളികൾ വെറും മാസല്ല റെസ്ക്യൂ മാസാണെന്നും

*മനുഷ്യത്വം മരിച്ചിട്ടില്ല ഒരിക്കലും മരിക്കുകയുമില്ല എന്നും.

*ആരൊക്കെ എത്രയൊക്കെ ഭിന്നിപ്പിച്ചാലും പ്രകൃതി നമ്മെ ഒന്നിപ്പിക്കുമെന്നും

*സ്നേഹവും സാഹോദര്യവും എന്താണെന്നും സഹജീവനമെന്താണെന്നും ജീവന് വില കൊടുക്കാനും പഠിപ്പിച്ചു .അത് പണക്കാരൻ ആണെങ്കിലും പാവപ്പെട്ടവൻ ആണെങ്കിലും.

*ഓഡിയായാലും ബിഎം ഡബ്ലിയു ആയാലും അല്ല മാരുതി ആയാലും വെള്ളം കയറിയാൽ ഒരുപോലെ യാണെന്ന്.

*ക്രെഡിറ്റ് കാർഡുകൾ ഏതു ബാങ്കിന്റെ ആണെങ്കിലും ഭക്ഷണത്തിനു പകരം തിന്നാൻ ആവില്ല .

* വാട്സ്ആപ്പ് ,ഫെയ്സ്ബുക്ക് ,സോഷ്യൽ മീഡിയ മുതലായ സംവിധാനങ്ങളുടെ യഥാർത്ഥ ശക്തി എന്തെന്ന്

*സാമൂഹ്യ മാധ്യമങ്ങൾ ട്രോളാൻ മാത്രമല്ല സഹായം നൽകാൻ ആണെന്നുകൂടി.

* അക്ഷീണം പരിശ്രമിക്കുന്ന ഒരു യുവതലമുറയാണ് നമ്മുടേതെന്ന്.

*ജനസേവകരുടെയും പോലീസിന്റേയും ആത്മാർത്ഥത എന്താണെന്ന്.

* ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മാധ്യമങ്ങളുടെ ഉള്ളിൽ വിഷമല്ല.

*മുൻപ് കേട്ടുകേൾവി പോലും ഇല്ലാതെ ഒരു ദുരന്തത്തെ ഒറ്റക്കെട്ടായി കക്ഷിരാഷ്ട്രീയ- ജാതി-സമുദായ ഭേദമന്യേ എങ്ങനെ പിടിച്ചുകെട്ടാം.

*ഒരു പ്രശ്നം വന്നാൽ ഓടിയെത്തുന്ന സൈന്യം നമുക്കുണ്ടെന്ന്.

*ഒന്നിച്ചുനിന്നാൽ നമുക്കെല്ലാം നിഷ്പ്രയാസം ആണെന്നും.

*മലയാളികൾ എവിടെയൊക്കെയുണ്ട് ആ രാജ്യങ്ങളെല്ലാം നമ്മെ ഒറ്റപ്പെടുത്തില്ലെന്ന്.

* മികവുറ്റ നേതൃത്വങ്ങൾക്ക് ഇനിയും നമ്മെ നയിക്കാനാവും.

പാഠങ്ങൾ ഒരുപാടുണ്ട്.......... ജീവിതം ഒരെണ്ണവും..........നല്ലവണ്ണം ജീവിക്കാം.....

ഷഹർബാൻ. പി

7.D

നീൽ ആംസ്ട്രോംങ്

ദേവധാറിൽ....



# സ്വപ്നം



അന്നൊരു മഴ ദിവസം ആയിരുന്നു. വീട്ടിനകത്തും മഴ! ഇരുളിൽ മഴയെ കാണാൻ പറ്റുന്നില്ല. ഓലമേഞ്ഞ ആ വീട്ടിനുള്ളിൽ പെയ്യുന്ന മഴത്തുള്ളികൾ എവിടെ നിന്നു വീഴുന്നു എന്നറിയാൻ കദീജുമ്മ ചിമ്മിണി വിളക്ക് പിടിച്ച് ചൂഴ്ന്നു നോക്കുകയാണ്. ചിമ്മിണി വിളക്കിന്റെ വെളിച്ചത്തിൽ കദീജുമ്മ ആ ദ്വാരം കണ്ടുപിടിച്ചു. അതിനു നേരെയായി കദീജുമ്മ ഒരു ചട്ടിവച്ചു. ഇനി വീഴുന്ന തുള്ളികൾ അതിൽ വീഴുമല്ലോ ! എന്നിട്ടും വീട്ടിനുള്ളിൽ വെള്ളം!

കദീജുമ്മ ഒന്നുകൂടി ചൂഴ്ന്ന് നോക്കി. ചിമ്മിണി വിളക്കുമായി മുകളിലോട്ട് നോക്കി നടന്നു. കണ്ടുപിടിച്ച ദ്വാരങ്ങൾക്ക്കീഴിലെല്ലാം ഓരോ ചട്ടിയും വെച്ചു.

“ഉമ്മ..... ഇക്ക് പയ്ക്കണ്...''

“തൊള്ള കീറാണ്ട്. അടുപ്പ്മെ വെള്ളം കായ്യാൻ വെച്ച്ണ് .തെളച്ചാ ജ്ജ് അരി എടുത്തിട്”

ഉമ്മ വീണ്ടും അടുത്ത ദ്വാരം തപ്പി നടക്കുകയാണ്. എണ്ണിയാൽ ഒടുങ്ങാത്ത ദ്വാരങ്ങൾക്കിടയിൽ എത്ര ചട്ടികളാണ് വേണ്ടത് ! അതിനും മാത്രം ചട്ടികളൊന്നും ആ പുരയ്ക്കകത്ത് ഇല്ല . ആകെ ബാക്കിയുള്ളത് പട്ടിണിയും ദാരിദ്ര്യവും മാത്രമാണ്.

ആയിഷ കഴുകിയ അരി എടുത്ത് തിളച്ച വെള്ളത്തിലേക്ക് ഇടാൻ ഒരുങ്ങി. പക്ഷേ അറിയാതെ അരി പാത്രം അവളുടെ കൈ തട്ടി താഴെ വീണു.

"ബെടക്ക് ഇയ്യ് എന്തിതാ കാണിച്ചി . ആക്കെയിള്ള അരിയെന്നി . അതുംകൊണ്ടെ കളഞ്ഞ്. അന്റെ ഉപ്പാക്ക് ഒന്നും അറിയാണ്ടാല്ലോ.ഇമ്മ്ള്ളാ മൊയ്യ്തീൻക്കാക്കാന്റെ പീടികേന്ന് കടം ബാങ്ങിച്ച അരിയാ. അന്തിക്ക് കഞ്ഞി കുടിക്കാന്. ഇനീപ്പം ഇന്നും പട്ടിണിയാ."

" അറിയാണ്ട് ബീണതാ ഉമ്മാ...."

" അറിയാണ്ട ,ജ്ജും അറിയണ്ട. അന്റെ ഉപ്പയും ഒന്നും അറിയണ്ട. ഇന്ന് ഇനി പട്ടിണിയാ."

ആയിഷയേയും ശകാരിച്ച് ഉമ്മ ചിമ്മിണി വിളക്കിന്റെ ചുവട്ടിൽ പോയിരുന്നു എന്തൊക്കെയോ പിറുപിറുത്തു.

അപ്പോഴാണ് ആയിഷയുടെ ഉപ്പ കയറി വന്നത്. മഴ നനഞ്ഞിരുന്നു.ഒറ്റക്ക് നിക്കാൻ കഴിയുന്നില്ല. അത്രയും കള്ളാണ് മോന്തിയിരിക്കുന്നത്.ചിമ്മിണി വിളക്കിന്റെ ചുവട്ടിൽ ഇരിക്കുന്ന ആയിഷയേയും ഉമ്മയേയും നോക്കി അയാൾ ഒരിടത്ത് ചുരുണ്ട് കൂടി കിടന്നു.അവിടെയെങ്ങും നിശബ്ദതയായിരുന്നു.മഴ ഒന്ന് തോർന്നു. ഓലത്തുമ്പുകളിൽ നിന്ന് വെള്ളതുള്ളികൾ ഇറ്റിക്കൊണ്ടിരുന്നു.

നേരം ഒന്ന് വെളുത്തു.

"ആയിഷാ , ഉപ്പാ പൊറത്ക് പോവ്വാ.അനക്ക് എന്തിതാ മാണ്ടെ?"

" ഉപ്പ ബിരിയാണി കൊണ്ടന്ന്യാ മതി "

"ഓ.......ഓരിപ്പം കൊണ്ടെരും അനക്ക് "

കദീജുമ്മ ഉറക്കെ പറഞ്ഞു.ഉപ്പ ദേഷ്യം കൊണ്ട് പുറത്തേക്ക് പോയി.

അന്ന് രാത്രിയും ഇന്നലെത്തേതിനേക്കാൾ ഏറെ താളത്തിലാണ് മഴ പെയ്യുന്നത്.കഴിക്കാനും ഒന്നും ഉണ്ടായിരുന്നില്ല.വീട് അന്നും പട്ടിണിയാണ്.ബിരിയാണിയുമായി വരാമെന്ന് പറഞ്ഞ ഉപ്പ അന്നും വന്നത് നാലുകാലിലാണ്.

"ഓര് ബെർതനെ മോഹിപ്പിച്ചതാ അന്നെ . ഉമ്മാന്റെ കുട്ടി ഒറങ്ങിക്കോ .പടച്ചോൻ വിധിച്ചിട്ടുണ്ടെ അനക്ക് നാളെ കഞ്ഞീന്റെ വെള്ളം കിട്ടും".

ആയിഷ ഉമ്മാന്റെ തോളിൽ ചാഞ്ഞ് കിടന്നു.പിറ്റേന്ന് ഉച്ചയ്ക്ക് ഒരു ചട്ടിനിറച്ചും ബിരിയാണിയുമായി അയൽവക്കത്തുള്ള ഇക്കാക്ക വന്നു.

"ഇന്റെ മോളെ നിക്കായേനി."ആയിഷയും ഉമ്മയും സന്തോഷത്തോടെയും വിശപ്പോടെയും ബിരിയാണി പങ്കിട്ട് കഴിച്ചു.

ആയിഷ ഞെട്ടിയുണർന്നു.അതൊരു സ്വപ്നമായിരുന്നു.



ഗായത്രി എൻ
10B

യാത്രാവിവരണം

## കടലോരമെ മദിരാസി



ഞാനൊരു യാത്രപോയി.തമിഴ്നാട്ടിലേക്ക്......, എന്റെ ഉമ്മയും വല്ല്യുപ്പയും നാല് മാമന്മാരും കൂടി ട്രെയിനിലായിരുന്നു യാത്ര. അപ്പോൾ കണ്ട കാഴ്ച്ചകൾ വളരെ മനോഹരമായിരുന്നു.

യാത്ര തിരിക്കും മുമ്പുതന്നെ ഞങ്ങൾക്ക് താമസിക്കാനുള്ള റൂമുകൾ ബുക്ക് ചെയ്തിരുന്നു. വീട്ടിൽ നിന്ന് വൈകുന്നേരം 5:30 നുള്ള മംഗലാപുരം മദ്രാസ് മെയിലിൽ കയറി രാവിലെ 8:30 ന് ഞങ്ങൾ തമിഴ്നാട്ടിലെത്തി. ക്ഷീണമുള്ളത് കൊണ്ട് കാഴ്ച്ചകൾ കാണുന്നതിന് മുമ്പ് ഞങ്ങൾ നേരെ റൂമിലേക്ക് പോയി.പിന്നെ ഉച്ചയോടെയായിരുന്നു കറക്കം.

ഞങ്ങൾ ആദ്യം പോയത് മൃഗശാലയിലേക്കാണ്. അവിടെ കുറെ വന്യമൃഗങ്ങൾ.സിംഹം, കടുവ ജിറാഫ്........ശരിക്കും ഒരു കാട്ടിൽ അകപ്പെട്ട പ്രതീതി. പിന്നെ ഒരു കാര്യം.....ആ മൃഗശാലയിൽ എത്തിയവരിൽ കൂടുതലും മലയാളികൾ ആയിരുന്നു.അവിടെ നിന്ന് പുറത്തുവന്ന ഞങ്ങൾ ധാരാളം സാധനങ്ങൾ വില പേശി വാങ്ങി.ആപ്പിൾ, സബർജലി , പേരക്ക പിന്നെ ചോക്ലേറ്റ്.അവിടെനിന്നും ഞങ്ങൾ ബൊട്ടാണിക്കൽ ഗാർഡനിൽ എത്തി.അവിടെ ഒരു പ്രത്യേകതയുള്ള ശില്പം കണ്ടു.കുറെ ആളുകൾ അതിനെ ചുറ്റി ആസ്വദിക്കുന്നുണ്ടായിരുന്നു.

ഒരു താമര പോലെയുള്ള ആ ശില്പത്തിന്റെ ഒരു ഭാഗത്ത് നിന്ന് വെള്ളം മുകളിലേക്കുയരുന്ന കാഴ്ച മനോഹരമായിരുന്നു.പാർക്കിന് തൊട്ടു സമീപമുള്ള ഹോട്ടലിൽ നിന്ന് രുചികരമായ ഭക്ഷണം കഴിച്ച് ഞങ്ങൾ തിരികെ റൂമിലെത്തി. പിറ്റേന്ന് ഞങ്ങൾ അവിടുത്തെ ഏറ്റവും മനോഹരവും വലുതുമായ മറീനാബീച്ചിൽ എത്തി.ചിലർ കുളിക്കുന്നു, മറ്റുചിലർ ഭക്ഷണവും മിഠായികളും വാങ്ങിക്കഴിക്കുന്നു,ചിലർ അവിടുത്തെ കാഴ്ചകൾ മൊബൈലിൽ പകർത്തുന്നു.ഞാനും കടലിലിറങ്ങി , സുഖമായി കുളിച്ചു.ഓരോ തിരമാലയും എന്നെ അടിച്ചു കരയിൽ എത്തിക്കും.ഞാൻ വീണ്ടുംകടലിലേക്ക് ഇറങ്ങും. ഈ പരിശ്രമത്തിനിടയിൽ ഞാൻ ധാരാളം ഉപ്പുവെള്ളം കുടിച്ചു,പക്ഷേ ആരോടും പറഞ്ഞില്ല. ഒടുവിൽ......

സൂര്യാസ്തമയം.എന്തൊരു ഭംഗിയായിരുന്നു ആ കാഴ്ച..... ആ അസ്തമയത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്.

അവിടെ കിഴക്ക് ഭാഗത്താണ് സൂര്യൻ അസ്തമിച്ചത്.

അതെന്നെ അത്ഭുതപ്പെടുത്തി.

ഷിബിൻ നിയാസ്

8Q

# അമ്മ



അമ്മയെന്ന എന്റെ വിളക്ക്
എന്തിനുമേതിനും എന്നോടൊപ്പം
നന്മ കണ്ടാൽ ചിരിളുകും
തിന്മ കണ്ടാൽ ശകാരിക്കുമെന്നമ്മ

എന്നുടെ കൂടെ നിഴലായി എന്നും
എന്നുടെ ജീവിതത്തിൽ മധുരമായി എന്നും
എന്നുടെ വഴിയിൽ വെളിച്ചമായി എന്നും

സൂര്യനെ പോലെ തിളങ്ങും
എന്നമ്മ ,എൻ മനസ്സായി
എൻ അമ്മ....

Aneena Rahman. T
9B

വായനാക്കുറിപ്പ്

# നനയാത്ത മഴ

എന്നെ ഏറെ ആകർഷിച്ച ഒരു കഥയാണ് പ്രിയ.എ.എസ്.ന്റെ നനയാത്ത മഴ. പ്രിയക്ക് മഴ അടുത്ത ബന്ധുവാണ്. അവളുടെ കുട്ടിക്കാലത്ത് ഓണപൂക്കളം ഇടുന്ന നേരത്ത് കൃത്യമായി കോരി ചൊരിയുന്ന മഴ വരും. കളത്തിലെ ചിത്രം വരക്കുന്നതിന് അവളുടെ മുത്തച്ഛനും നിറം നിശ്ചയിക്കുന്നതും പൂക്കൾ സംവിധാനം ചെയ്യുന്നതും അവളും അനിയനും ശിങ്കിടികളും കൂടിയാണ്.

മഴയെ ഒത്തിരി ഇഷ്ടമാണെങ്കിലും മഴ നനയാൻ പ്രിയക്ക് അനുവാദമുണ്ടായിരുന്നില്ല. ഒരു അസുഖക്കാരി ആയതിനാൽ മഴയെ നോക്കിക്കാണലായിരുന്നു അവളുടെ പ്രിയ വിനോദം. സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും കൃത്യമായി മഴ പെയ്യുമായിരുന്നു. അസുഖക്കാരി ആണെങ്കിലും കുട ചരിച്ച് പിടിച്ച് അവളുടെ ദേഹം അവൾ മഴക്ക് വിട്ടുകൊടുത്തു. പാതി മഴയുടെയും പാതി അസുഖങ്ങളുടേതുമായി മാറി.

മഴയോട് അതിഭയങ്കരമായി പിണങ്ങിയ സന്ദർഭങ്ങളും പ്രിയ ഈ കൃതിയിൽ പരാമർശിക്കുന്നുണ്ട്. നാട്ടിൻപുറത്തെ തിയറ്ററിൽ "നവംബറിലെ നഷ്ടം" എന്ന സിനിമ കാണാൻ കുടുംബസമേതം തിരിച്ചപ്പോൾ  മഴ വില്ലനായി മാറിയ സംഭവം പ്രിയ പരാമർശിക്കുന്നുണ്ട്. അതുപോലെ കോളേജിൽ ചേരേണ്ട സമയമായപ്പോൾ പ്രിയയുടെ ജീവിതത്തിൽ മഴ വില്ലനായി മാറി. ആശുപത്രിയിൽനിന്ന് പ്രിയ തിരികെ വീട്ടിലെത്തിയപ്പോൾ അവൾക്ക് നടക്കാൻ വയ്യ. അവളുടെ ഈർക്കിളികാൽ മുഴുവൻ നീര്. ബി.എ. ഇൻറർവ്യൂവിന് മഹാരാജാസിൽ നിന്ന് കാർഡ് വന്നപ്പോൾ പ്രിയക്ക് പോകാൻ കഴിഞ്ഞില്ല. അത് അവളുടെ ജീവിതത്തിൽ വലിയൊരു നിരാശയായി.

വളർന്ന് വലുതായി ഒരു  സാഹിത്യകാരിയായപ്പോഴും പ്രിയ മഴയെ മറക്കുന്നില്ല. കുട്ടിക്കാലത്ത് നഷ്ടപ്പെട്ട മഴയനുഭവങ്ങൾ ഇപ്പോഴും ആസ്വദിക്കുകയാണ് കഥാകാരി.



ഷിഫാന ഷെബിൻ,

റിൻസില

4Q

# ACQUISITION OF ARABIC LANGUAGE SKILLS IN THE SECONDARY LEVEL

Language is a means of communication .It is a process to convey one's idea to other. We can convey our feelings ,ideas and knowledge to others through the media language . IBNUDUJANA says “language is a sound which narrate all the society the goals”

When a baby comes out of mother's womb it starts crying, it is the first sign of language learning .

(The baby feels frustrated or uncomfortable when it enters in to new atmosphere. There is an imbalance of adjustment with new circumstances. So it shows its problem by crying)

According to John Lock child's mind is a blank slate. He can write in the slate what he learns.

If he understands that what he wrote is wrong he can rub/clean the slate and can over write the correct one. Linguistics believe theories like pooh-pooh theory ,Bow-wow theory, Ding-dong theory etc......

It is believed that language is just imitation of action . It Is learned from the elders .There are so many barriers in language learning .One of the main problems of the language is social barriers/individual. it depends up on the circumstances that a child grows. Language is necessary for fluency.

Acquisition of language is an ability to be fostered among children .The basic skill of Language learning various among children. Among LSRW speaking skill develops only when a child has listening skill .These L&R are the primary skills that a child wanted to acquire first . It is said that ' house/home is their first school in learning language. Civilized or educated family background is some what different from that of uncivilized or illiterate .Language learning and language acquisition vary in different ways .Language is not taught but caught .If it is caught it is real aquisition. If it is taught it is learning. So a teacher should provide ample chance to develop language by giving adequate opportunity to children to grow and flourish independently. The circumstances,the environment a vital role in moulding a good shape in the use of language. Influence of the mother tongue / second language is the barrier that a child faces in learning a language . They get only 35-45 mts to learn a particular language with 40-60 students ,it is impossible to a teacher to cop up with all children. In spite of the difficulties and obstacles in listening , speaking , reading and writing among students we have to tackle these to raise their standards certain limits according to the capacity of the students and raise them to our expectation.

The amazing thing is the students are not enough capable for learning the language even they studied it from the primary level to high school level . Why?

## Reason for choosing this subject

As a teacher ,we feels that students haven't enough ability in basic skills, especially in speaking and writing. Lack of reading and listening will decrease the ability of speaking and writing. So that ,we have to discuss the basic elements

and main reasons to reach the students to average level .

## THE IMPORTANCE OF THE SUBJECT

The subject is very suitable and very important in the contemporary age .Its importance is very inevitable .Even though the students,the books, the teachers and handbooks are suitable and helpful for the development of these to create communicative skills .To create the skills in students for the fluent communication,take care of them by making use of modern techniques and strategies without any type of boredom and laziness .It would help the students performing more and enthusiastic

## AIMS

1. Identify the problems of students .

2.Improve their skills and ability .

3.Development of four basic skills .

4. Give ample chance and opportunities to acquire skill average level.

5. To make them confident .

6. Child centered teaching learning process .

7. Knowledge recognition about possibilitie of the language in modern age especially in India and foreign country .

8.Usage of Arabic language

## CONCLUSION

.Develop the basic skills of language learning in students.

.Enhancement of speaking skill

.Writing language without error.

.Encourage creative ability

.Identify the possibility of the language.

.Knowledge of new techniques in language learning.

.Growth and development of language.

.Make enough confidence to students in usage of language.

ASMA
HSA Arabic

## ഹരിജൻ ബാലൻ



ഒരിക്കൽ ഗാന്ധിജി ഹരിജനങ്ങൾക്ക് വേണ്ടി ഒരു ഉപവാസം നടത്തുകയുണ്ടായി.ദരിദ്രനായ ഒരു ഹരിജന ബാലനോട് അദ്ദേഹം പറഞ്ഞു , നീ കൊണ്ടുവരുന്ന നാരങ്ങനീര് കുടിച്ച് ഉപവാസമവസാനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ബാലന്റെ പേര് വിഡോബ എന്നായിരുന്നു.


നാരങ്ങ വാങ്ങാൻ പണം എങ്ങനെയുണ്ടാക്കണമെന്ന വിചാരമായി വിഡോബക്ക്. രണ്ടു ദിവസത്തിനുള്ളിൽ അവൻ പണമുണ്ടാക്കുകയും ചെയ്തു. പിറ്റേന്നാണ് ഗാന്ധിജി ഉപവാസം അവസാനിപ്പിക്കുന്നത്. അദ്ദേഹം അവനെ വീണ്ടും വിളിച്ചുപറഞ്ഞു. നാളെ നീ നാരങ്ങ കൊണ്ടുവരണം , അതിന്റെ നീര് കുടിച്ചാണ് ഞാൻ ഉപവാസമവസാനിപ്പിക്കുന്നത്.

പിറ്റേന്ന് ഉപവാസം നിർത്താനുള്ള സമയമടുത്തു. വിഡോബയെ അവിടെയെങ്ങും കണ്ടില്ല. പിന്നെ എങ്ങനെ ഉപവാസം നിർത്തും. വലിയ വലിയ ആളുകൾ ഗാന്ധിജിക്ക് വേണ്ടി കൊട്ടക്കണക്കിന് നാരങ്ങ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ നീര് എടുക്കാൻ തുടങ്ങിക്കഴിഞ്ഞു. പക്ഷേ ഗാന്ധിജി അതിലൊന്നും ശ്രദ്ധിച്ചില്ല . അദ്ദേഹത്തിന്റെ കണ്ണുകൾ വിഡോബയെ തിരക്കുകയായിരുന്നു. വിഡോബ ഇനിയും വന്നില്ലേ? ഗാന്ധിജി ചോദിച്ചു. വിഡോബയോ...? ആരാണ്അത്? അങ്ങ് വിഡോബയോട് വരാൻ പറഞ്ഞിരുന്നോ? ഒരു മാന്യൻ ചോദിച്ചു. ഗാന്ധിജി നടന്ന കാര്യങ്ങൾ അവരോട് പറഞ്ഞു. ആളുകൾ അവനെ അന്വേഷിക്കാൻ തുടങ്ങി.
ഒരു ഹരിജനബാലൻ ആയതുകൊണ്ടും, മറ്റ്ആളുകൾ കൊട്ടക്കണക്കിന് നാരങ്ങകൾ കൊണ്ടുവരുന്നത് കണ്ട നാണവും പേടിയും കൊണ്ടും വിഡോബ സ്വയം ദൂരേക്ക് മാറി നിൽക്കുകയായിരുന്നു. ആസമയത്ത് ഒരു മാന്യൻ അവിടെ വന്ന് അവനോട് ചോദിച്ചു. കുട്ടീ.... നീ വിഡോബയാണോ? അതെ അവൻ പറഞ്ഞു. നീ വേഗം അകത്തേക്ക് പോകൂ. നിന്നെ അന്വേഷിക്കുന്നു. ഇത് കേട്ട് അവന്റെ കണ്ണുകൾ നിറഞ്ഞു. അവൻ ഗാന്ധിജിയുടെ അടുത്തേക്ക് ഓടി. തന്റെ പോക്കറ്റിൽനിന്ന് ഒരു നാരങ്ങ എടുത്ത് ഗാന്ധിജിയുടെ മുന്നിൽവെച്ചു. അവന്റെ കണ്ണുകൾ അപ്പോഴും നിറഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു.

മുഹമ്മദ് റിയാസ്.
8Q

# പരിണാമം

മാനവസംസ്കാരമിന്നത്തെ രൂപത്തി-
ലെത്തിയതെങ്ങനെയാവാം
കാട്ടിൽ മലയിലലഞ്ഞു നടന്നവർ
അന്നത്തെയാഹാരം തേടി
ദേഹം മറയ്ക്കുവാൻ കാട്ടില , വള്ളികൾ
കുത്തിയുടുത്തു നടന്നു.
കാട്ടിലെ മാനിനെ , മ്ലാവിനെ , പന്നിയെ
കൊന്നു ചുട്ടവർ തിന്നു.
ഗുഹകളിൽ നിന്നുമിറങ്ങിവന്നന്നവർ
വള്ളിക്കുടിലുകൾ തീർത്തു.
യാത്രകൾ ശീലിച്ചവർ നദീ തീരങ്ങൾ
സംസ്ക്കാര ശാലകളാക്കി.



മൊഴികളും ലിപികളും തീർത്തുപിന്നീടവർ
ആശയം കൈമാറുവാനായ്.
കടലാസുണ്ടാക്കിയോർ കലകൾ പഠിച്ചവർ
ആധുനികന്മാരായി മാറി.
പിന്നിൽ വന്നീടും തലമുറയ്ക്കായവർ
ഓലയിൽ കാവ്യങ്ങൾ തീർത്തു.
പുരേണേതിഹാസം ചരിത്രമെല്ലാമവർ
നമ്മൾക്കായ് ചേർത്തുവച്ചില്ലേ?
ഭൂമിയിൽ , വായുവിൽ ,വെള്ളത്തിലോടുവാൻ
പറ്റിയ വാഹനം  തീർത്തു
യുദ്ധം ജയിക്കുവാൻ പീരങ്കി,ടാങ്കുകൾ
തോക്കുകൾ ഉണ്ടാക്കി നമ്മൾ
പറ്റില്ലെന്നായപ്പോൾ ആറ്റംബോംബും പിന്നെ
ഹൈഡ്രജൻ ബോംബുമുണ്ടാക്കി
പറ്റെച്ചെറുതായിപ്പോയോ , മനസ്സുകൾ
എത്ര ദുരിതം നാം കണ്ടു?
വൈദ്യുതിയുണ്ടാക്കി ,ഫോണുകളിന്നത്തെ
സ്മാർട്ടായ ഫോണുകളായി.
ബാഹ്യാകാശത്ത് പോയ് , മറ്റു ഗ്രഹങ്ങളെ
നമ്മുടെ കാൽക്കീഴിലാക്കി.
അബാക്കസ്സിൽ നിന്നും നാം കംപ്യൂട്ടർ നിർമ്മിച്ചു
ഇന്റർനെറ്റിന്നിതാ സ്വന്തമാക്കീ.
ഇന്നെത്തി നിൽക്കുന്ന സംസ്കാര ലോകമീ
വിവര സാങ്കേതിക മേഖലയിൽ ................



ദാക്ഷായണി ടീച്ചർ

**ഒപ്പണ്ടോ....? മ്മള് പൊളിക്കും........!!!**





# മഴയുടെ വികൃതി



അന്ന് എന്റെ പിറന്നാൾ ദിവസമായിരുന്നു. പുത്തൻ ഉടുപ്പണിഞ്ഞ് ബാഗിൽ മിഠായി പാക്കറ്റ് എടുത്തുവച്ച് നേരത്തെ തന്നെ ഞാൻ സ്കൂളിലേക്ക് പുറപ്പെട്ടു.
പെട്ടെന്ന് മേഘം കറുത്തു, ഇടിവെട്ടി മഴ ശക്തമായി പെയ്യാൻ തുടങ്ങി.....,
ഞാൻ ആകെ ഭയന്നു.
കുടയില്ലാത്തതിനാൽ മഴത്തുള്ളികൾ എന്റെ മേൽ വീണു. ഞാൻ നിർത്താതെ ഓടി. ഒരു കടയുടെ വരാന്തയിൽ കയറി നിന്നു. കുറച്ചുസമയം കഴിഞ്ഞിട്ടും മഴയ്ക്ക് യാതൊരു കുറവുമില്ല. സ്കൂളിൽ ബെല്ലടിക്കുന്നത് ഓർത്തപ്പോൾ എനിക്ക് പേടിയായി....., രണ്ടും കല്പിച്ച് ഞാൻ ഇറങ്ങിയോടി. ശക്തമായ മഴ ആയതിനാൽ മുന്നിലുള്ള കാഴ്ചകളൊന്നും എനിക്ക് വ്യക്തമായിരുന്നില്ല.
വണ്ടികളുടെ നിർത്താതെയുള്ള ഹോണടികൾ എന്നെ പലപ്പോഴും പേടിപ്പിച്ചു.

പെട്ടെന്നാണ് അത് സംഭവിച്ചത്.
ഏതോ ഒരു വാഹനത്തിൽ തട്ടി ദൂരെയുള്ള ചെളിക്കുണ്ടിലേക്ക് ഞാൻ തെറിച്ചുവീണു . എന്റെ വസ്ത്രം മുഴുവൻ അഴുക്കായി...., ബാഗ് നനഞ്ഞു ,സങ്കടം കൊണ്ട് ഞാൻ കരയാൻ തുടങ്ങി.
ആരൊക്കെയോ ഓടിവന്നു എന്നെ താങ്ങിയെടുത്തു. കാര്യമായ പരിക്കൊന്നുമില്ല. അതിനാൽ ആരോ ഒരാൾ എന്നെ വണ്ടിയിലേക്ക് കയറ്റി സ്കൂളിന് മുന്നിൽ ഇറക്കി. പേടിയോടെയും , നാണത്തോടെയും കൂടി ഞാൻ സ്കൂളിലേക്ക് കയറിച്ചെന്നു. എന്നെ കണ്ടതും കൂട്ടുകാർ നിർത്താതെ ചിരിക്കാനും, ഞാൻ കരയാനും തുടങ്ങി.
അങ്ങനെ എന്റെ പിറന്നാൾ സന്തോഷം മഴ അപഹരിച്ചു.

മുഹമ്മദ് ഷഹീദ്

# GET 20 minutes Daily.




Shiju PT
PhysicalEducation

Daily 20 minutes physical activity can improve your strong bones,muscles and reduce the symptoms of stress, anxiety, depression and reduce the risk of life style diseases and genetic disorders.

On the other side studying physical education careers options available such as Athletic trainer,personal fitness trainer, yoga trainer, sports psychologist, exercise physiologist, nutritionist, physical education teacher, various coach and sports scientist etc. So don't hesitate doing 20 minutes exercise daily.







## ഉപ്പിലിട്ട ചില ജീവിതങ്ങൾ

കഞ്ഞിക്കുള്ള സ്കൂളിലെ നീണ്ട മണി മുഴങ്ങിയപ്പോൾ കുട്ടികൾ കലപില കൂട്ടി പാത്രങ്ങളുമായി കഞ്ഞിപ്പുരയിലേക്ക് ഓടി. ദേവു തന്റെ സഞ്ചിയുമെടുത്ത് ഏതുസമയവും തിമിർത്തു പെയ്യാൻ തയ്യാറായിനിൽക്കുന്ന മഴ. കുട ഇല്ലാത്തതിനാൽ വയലുകൾക്കിടയിലൂടെ അവർ അതിവേഗത്തിൽ ഓടി......, നിർത്താതെ അര നാഴിക ദൂരം ഓടിയെങ്കിൽ മാത്രമേ അവൾക്ക് വീട്ടിൽ എത്തിച്ചേരാൻ കഴിയൂ..., എന്തെങ്കിലും കഴിച്ച് തിരികെ അവിടെനിന്ന് അതേവേഗത്തിൽ സ്കൂളിലേക്കും .....

ഓട്ടത്തിലെ വേഗത അവളുടെ ചിന്തകൾക്കും ഉണ്ടായിരുന്നു. എല്ലാ കുട്ടികളെയും പോലെ അവൾക്കും ഉച്ചക്കഞ്ഞി കുടിക്കണമെന്ന ആഗ്രഹം ഉണ്ട്. പക്ഷേ.....! വലിയവീട്ടിൽ പിറന്ന തനിക്ക് ആ കഞ്ഞി അനുവദിച്ചിട്ടില്ല. അത് പാവപ്പെട്ട കുട്ടികൾക്ക് വേണ്ടിയുള്ളതാണ്. കൂടാതെ താൻ കഞ്ഞി കുടിക്കുന്നത് തന്റെ വീട്ടുകാർക്ക് അപമാനവുമാണ്. അതിനാൽ ഉച്ചക്കുള്ള ഈ ഓട്ടം അവൾ പതിവ് പോലെ സ്കൂളിന്റെ പടിക്കെട്ടുകൾ ഇറങ്ങി വീട്ടിലേക്ക് ഓടാൻ തയ്യാറായി........, ഇരുണ്ടുമൂടിയ ആകാശം....

പക്ഷേ പലപ്പോഴും ഉച്ചക്ക് വീട്ടിൽ ചെല്ലുമ്പോൾ കഴിക്കാനൊന്നും തന്നെയുണ്ടാവില്ല. ചിലപ്പോൾ കുറച്ച് പഴങ്കഞ്ഞി കാണും, രണ്ട് കാന്താരിമുളകും. പലപ്പോഴും ആ കഞ്ഞിക്ക് ഉപ്പ് പോലുമുണ്ടാകില്ല. ഓടിത്തളർന്ന പാത്രം തുറന്നു നോക്കുമ്പോൾ കാണുന്ന ആ കാഴ്ച അവളുടെ കുഞ്ഞു ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കും. കണ്ണീർ തുടച്ച് ആരോടും പരിഭവമില്ലാതെ അവൾ തിരികെ സ്കൂളിലേക്ക് ഓടും.......

ഈയിടെയായി അവൾ ഉച്ചക്ക് വീട്ടിൽ പോകാറില്ല. ആരും കാണാതെ കിണറ്റിൻ കരയിൽ നിന്ന് വയറുനിറയെ വെള്ളംകുടിച്ച് നാലുമണി വരെ തള്ളിനീക്കും. പക്ഷേ, പതിവ് തെറ്റിച്ച് ഇന്നവൾ വീണ്ടും വീട്ടിലേക്ക് ഓടുകയാണ്.

"ദേവൂ......

വേഗം പൊയ്ക്കോ......., കൂട്ടുകാരൊക്കെ പോകാറായി....."
വഴിയരികിൽ നിന്ന് നാണിയമ്മ വിളിച്ചുപറഞ്ഞു.
"ശരി നാണിയമ്മേ."
അതും പറഞ്ഞ് അവൾ ഓട്ടത്തിന് വേഗത കൂട്ടി.
ഇന്ന് ചിറ്റയുടെ വിരുന്നാണ്. ഇല്ലത്ത് നല്ല സദ്യ ഉണ്ടാകും. അതാണ് പതിവ് തെറ്റിച്ച് ഓട്ടം.
കാളന്റേയും അടപ്രഥമന്റേയുമൊക്കെ ഗന്ധം അവളുടെ മൂക്കിലേക്ക് തുളച്ച കയറി. അവൾ ഒന്നുകൂടി ഉഷാറായി. അതിവേഗം വീട്ടിലേക്ക് ,ഒപ്പം മഴയും.

വലിയ വീട്ടിലാണ് ജനിച്ചതെങ്കിലും അവളുടെ ജീവിതം എന്നും ദുരിതമായിരുന്നു ഏതോ താഴ്ന്ന ജാതിക്കാരനായ തന്നെ അച്ഛനെ അമ്മാവൻമാർ എല്ലാംകൂടി കൊന്നുകളഞ്ഞ കഥ നാണിയമ്മ അവൾക്ക് പറഞ്ഞുകൊടുത്തിട്ടുണ്ട്. കഴിക്കാനെന്തെങ്കിലും ഒന്ന് കൊടുക്കും.അടുക്കള കാരികളുടെ കൂടെ ചായിപ്പിൽ ആണ് ഉറക്കം .ഓണത്തിനും വിഷുവിനും ഒക്കെ അവർക്ക് വസ്ത്രം കൊടുക്കുന്നതിനോടൊപ്പം അവൾക്കും ഒരു കോടി കിട്ടും. യാതൊരു പരിഭവവുമില്ലാതെ അവിടുത്തെ പണികളൊക്കെ എടുത്ത് അവൾ അവിടെത്തന്നെ കഴിഞ്ഞുകൂട്ടും.അവളുടെ മനസ്സിലെ നീറുന്ന ചിന്തകൾ മഴത്തുള്ളികളായി വീശിയടിക്കാൻ തുടങ്ങി. മഴനനഞ്ഞ് പടിപ്പുര കടന്ന് അവൾ അകത്തേക്ക് പ്രവേശിച്ചു.
മുറ്റത്തെ പന്തലിൽ നിറയെ ജനക്കൂട്ടമാണ് .പട്ട് സാരികളുടെ തിളക്കവും സുഗന്ധദ്രവ്യങ്ങളും ഗന്ധവും അവിടമാകെ ഒരു പൂരപ്പറമ്പിലെ പ്രതീതിയുണ്ടാക്കി.
"എടീ നീ എന്ത്കണ്ടോണ്ട് നിക്കുവാ."
ജാനകി ഏടത്തിയുടെ നോട്ടവും ചീത്ത പറച്ചിലും കേട്ട് അവൾ ഞെട്ടിത്തെറിച്ചു.


"വല്ലോരും തിന്നത് നോക്കി വെള്ളമിറക്കി നിൽക്കുന്നോ, അസത്തെ പോ അപ്പുറത്ത് ". അവൾ തലതാഴ്ത്തി പിന്നാമ്പുറത്തിലൂടെ അടുക്കളയിലേക്കു നടന്നു. "പിന്നെ നിനക്ക് കഴിക്കാൻ ഉള്ളത് അവിടെ മൂടി വച്ചിട്ടുണ്ട്" അവർ പറഞ്ഞു.
അത് കേട്ടപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു .മുഖത്ത് അറിയാതെ ഒരു പുഞ്ചിരി നിറഞ്ഞു .അവൾ അടുക്കളയിലേക്കു ഓടി സഞ്ചി താഴെവെച്ച് തനിക്കുള്ള ഭക്ഷണം അവിടെ മുഴുവൻ നോക്കി .പക്ഷെ ഒന്നും കണ്ടില്ല. അടുപ്പിന് മുകളിൽ ഇരിക്കുന്ന മൺചട്ടി അപ്പോൾ അവളുടെ കണ്ണിൽ ഉടക്കി.
അവളത് തുറന്നുനോക്കിയപ്പോൾ പഴങ്കഞ്ഞിയും രണ്ട് വറ്റൽമുളകും.

അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ കുടുകുടാ കവിളിലേക്ക് വീണു .അവൾതന്റെ കുഞ്ഞു കൈകൊണ്ട് അൽപം കഞ്ഞി വാരി വായിലേക്കൊഴിച്ചു. കഞ്ഞിക്ക് ആവശ്യത്തിലേറെ ഉപ്പ് ഉണ്ടായിരുന്നു.

ഷിബിൻ നിയാസ്
4Q

# أَصْحاَبُ جاَئِزُو نُوبل

| | |
|---|---|
| جَائِزَة فَائِقَة | جاَئِزَة فائِدَة |
| جَائِزَة عاَلِيَة | جَائِزَة نُوبَلْ |



| | |
|---|---|
| نُوبَلْ تَوَكُلْ | نُوبَلْ مَلاَلاَ |
| نُوبَلْ سَتْيَارْتِ | نُوبَلْ سَلآمَة |
| حُقُوق مَرْاَةٍ | حُرِّيَّةٌ صِحاَفَةٍ |
| مَوْضُوعُ تَوَكُّلْ | كِتَابَةٌمَقَالَةٌ |
| حُقُوقُ وَلَدٍ | رِعَايَةٌ عَمَالَةٍ |
| مَوْضُوعُ سَتْيَارْتِ | نُوبَلْ جَائِزَة |
| حُقُوقُ تَرْبِيَةٍ | حُرِّيَّةُ بَنَاتٍ |
| مَوْضُوعُ مَلاَلاَ | عَمَلُ نَشَاطَةٍ |



Asma
HSA Arabic

# Friendship

*Friendship is a song*
*which is sung only when*
*you know it's rhythem.*
*Friendship is a dream*
*which comes true only when*
*we believe it .*
*Friendship is the sun which*
*rises only when your*
*heart sets on it;*
*Friendship is a throne*
*on which you can sit*
*only when you share*
*your kingdom with it.*
*Friendship is a path*
*which you will find only*
*when you know you lost it*
*Friendship is a hand that*
*hold yours only when*
*you extend yours*
*Friend ship is a pot*
*full of feelings which*
*you can spill only when*
*you have a 'true friend'*



*Diya Fathima*
*10 T*

## മ്മളെ  സിൽമ കണ്ട്ക്ക്ണോ....



## പ്രളയം ഒരു കണ്ണീരായി

പ്രകൃതിയിതാ പ്രതികരിക്കുന്നു
അവളിതാ മഴയായി പെയ്യുന്നു
കടലിതാ കുത്തിയൊഴുകുന്നു
മനുഷ്യന്റെ കിടപ്പാടം ഇതാ തകരുന്നു

മനുഷ്യനിതാ കണ്ണിരൊഴുക്കുന്നു
ചെയ്ത തെറ്റുകളറിയാതെ ഇതാ
പ്രളയമിതാ ഒരു കണ്ണീരിൽ
കുത്തൊഴുക്കായി ഒഴുകുന്നു

പ്രകൃതിയിതാ കരയുന്നു
കടലിതാ ഇരമ്പുന്നു
മനുഷ്യനിതാ കിടപ്പാടം വിട്ടൊഴിയുന്നു
കൊട്ടും കണ്ണീരുമായി.



അബിഷ.കെ
9K

# യാത്രയുടെ അന്ത്യം

**ആ** കാഴ്ച ഭീതിജനകമായിരുന്നു. ഒന്നേ നോക്കിയുള്ളൂ........ , അപ്പോഴേക്കും അയാളുടെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നിയിറങ്ങി. മകനെയും കൂട്ടി മെഡിക്കൽ കോളേജിന്റെ വരാന്തയിൽ തലങ്ങും വിലങ്ങും നടക്കുമ്പോഴാണ് ഉറുമ്പരിച്ച ആ വൃദ്ധയുടെ ശരീരം അയാളുടെ കണ്ണിൽപ്പെട്ടത്. "ആ വൃദ്ധയ്ക്ക് ജീവനുണ്ട്....! " ആരോ പറയുന്നതു കേട്ടപ്പോൾ അയാൾക്ക് അത്ഭുതമാണുണ്ടായത്.



ദാരുണമായ ഈ ദൃശ്യം തന്റെ മകൻ കാണേണ്ടയെന്നു കരുതി അയാൾ മെഡിക്കൽ കോളേജിന്റെ പടവുകൾ ഇറങ്ങി. ശരീരം അവിടെ നിന്നു സഞ്ചരിച്ചെങ്കിലും അയാളുടെ മനസ്സപ്പോഴും ആ വൃദ്ധയെ ചുറ്റിപ്പറ്റി നിന്നിരുന്നു.
കൂട്ടുകാരന്റെ ഭാര്യയേയും കുഞ്ഞിനേയും കണ്ടേക്കാമെന്നു തീരുമാനിച്ച ആ നശിച്ച നിമിഷത്തെ പ്രാകികൊണ്ട് അയാൾ ബസ് സ്റ്റോപ്പിലേക്കു നടന്നു. ഒന്നുമറിയാത്ത മകൻ അപ്പോഴും അയാളുടെ കൈവിരൽത്തുമ്പിൽ തൂങ്ങുന്നുണ്ടായിരുന്നു. നിഷ്കളങ്കമായ ആ മുഖത്തേക്കു നോക്കിയപ്പോൾ എന്തോ..... ഒരപായസൂചന അയാളുടെ മനസ്സിലെത്തി.

നാളെ ഇവനും.......?

തിരക്കു കുറഞ്ഞ ഒരു ബസ്സ് വന്നപ്പോൾ അയാളും മകനും അതിൽ കയറി. സീറ്റിലിരുന്ന് മകൻ പുറത്തെ കാഴ്ചകൾ ആസ്വദിക്കുമ്പോഴും അയാളുടെ മനസ്സ് മെഡിക്കൽ കോളേജിൽ നിന്ന് മുക്തി നേടിയിരുന്നില്ല. ശാപചിന്തകളും അപായസൂചനകളും അപ്പോഴും അയാളെ നീറ്റിക്കൊണ്ടേയിരുന്നു.

എപ്പോഴോ അയാളുടെ ചിന്ത തന്റെ ബാല്യത്തിലേക്ക് തെന്നി നീങ്ങി. അച്ഛന്റെ മരണവും, അമ്മയുടെ കഷ്ടപ്പാടുമെല്ലാം അയാൾ നേരിൽ കാണുകയായിരുന്നു. തനിക്കുവേണ്ടി മാത്രം ജീവിച്ച തന്റെ അമ്മ....., ഒടുവിൽ തന്റെ വിവാഹക്കാര്യത്തിലും

അമ്മ എതിർപ്പൊന്നും പറഞ്ഞില്ല. " ഇത്രയ്ക്കും വല്യ ബന്ധം നിനക്കു വേണോ .....വാസുവേ ...?" എന്നോ മറ്റോ അമ്മ ചോദിച്ചു. പക്ഷെ തന്റെ മുഖം വാടുന്നതു കണ്ടപ്പോൾ അമ്മ തിരിഞ്ഞ് അടുക്കളയിലേക്ക് കയറി.

അമ്മയുടെ നാടൻ രീതികളൊന്നും സുമതിക്ക് പിടിക്കുന്നുണ്ടായിരുന്നില്ല. പിന്നെ ഒന്നും രണ്ടും പറഞ്ഞ് അവൾ അമ്മയുമായി വഴക്കു കൂടി. "രണ്ടു പേരും ചേർന്നു പോവുന്നതു ശരിയാവില്ല " എന്ന് സുമതിയുടെ അച്ഛൻ പറഞ്ഞപ്പോൾ അയാൾ പുതിയ വീട്ടിലേക്ക് താമസം മാറ്റുകയായിരുന്നു .... തന്റെ ഉണ്ണി പിറന്നപ്പോൾ പോലും



അമ്മയെ വിളിക്കാനോ, കൂടെ താമസിപ്പിക്കാനോ അവൾ സമ്മതിച്ചില്ല.
തന്റേടത്തോടെ അമ്മയെ വിളിക്കാനുള്ള കഴിവ് തനിക്കുമുണ്ടായില്ല.തന്റെ നല്ല ജീവിതം മാത്രം സ്വപ്നം കാണുന്ന അമ്മ എല്ലാം സഹിക്കുകയാണെന്ന് അയാൾക്കറിയാമായിരുന്നു .......

ചിന്തകൾ കൈലാസം കയറിയപ്പോൾ അയാളുടെ കണ്ണുകൾ അറിയാതെ ഈറനണിഞ്ഞു. "കോട്ടപ്പുറം.... കോട്ടപ്പുറം " എന്ന് കണ്ടക്ടർ ഉറക്കെ വിളിച്ചു പറഞ്ഞപ്പോൾ അയാൾ പെട്ടെന്ന് മകനേയും കൂട്ടി ബസ്സിൽ നിന്നിറങ്ങി. നേരെ കാണുന്ന ഇടവഴിയിലൂടെ മുന്നോട്ട് നടന്നു .ആ വഴി അയാൾക്ക് വല്ലാതെ അപരിചിതമായി തോന്നി. എങ്കിലും മുന്നോട്ടു തന്നെ യാത്ര തുടർന്നു. ഒരു പഴയ നാലുകെട്ടിന്റെ മുന്നിലായിരുന്നു അതവസാനിച്ചത്.

" ഞമ്മ എങ്ങോത്താ പോവുന്നേ ദാദീ ...." അയാളുടെ മകൻ കൊഞ്ചിക്കൊണ്ട് ചോദിച്ചു. മനസ്സിൽ എന്തോ ദൃഢനിശ്ചയം ചെയ്തതുപോലെ, മകന്റെ കൈ മുറുകെ പിടിച്ചു കൊണ്ട് അയാൾ പടിപ്പുര കടന്ന് അകത്തേക്കു പോയി......

അസൈനാർ .പി.യു
HSA Malayalam

**യക്ഷിപ്പനകൾ**

വിണ്ടു കീറിയ
മൺഭിത്തികൾക്കപ്പുറത്ത് ,
തറയിൽ
എന്റെയും
നിന്റേയും
എല്ലാവരുടേയും
ജീവിതം തിളങ്ങിയിരുന്നു.
കോളാമ്പിയും
ചെമ്പരത്തിയും
നന്ത്യാർവട്ടവും
ആത്മസുഗന്ധം പരത്തിയ
വേലിപ്പൂക്കളായി.
പിന്നീടെന്നോ
ചിത്രവേലയെഴുതിയ
തൂണുകൾക്കപ്പുറത്ത് ,
എന്നെയും
നിന്നെയും
എല്ലാവരുടേയും
തേടിനടന്നവരുടെ
കാലുകളിൽ,
വേലിമുള്ളുകൾ തറച്ച് ,
കിനിഞ്ഞ് വീണ
ചോരത്തുള്ളികൾ
വെണ്ണക്കല്ലിന്റെ
പാളികളിൽ വീണ്
യക്ഷിപ്പനകളായി വളരുന്നു.





Radhamany
UPSA

# കേരളീയം






# പിൻവിളികൾ



അകന്നകന്നു പോകുന്ന
വേരുകൾ
ജലം തേടി
അലയുകയാണെന്ന്
മരം കരുതിയതേയില്ല!
തന്റെ നിശ്വാസങ്ങളിൽ നിന്ന്,
നിലംപതിക്കുന്ന
പാഴിലകളിൽ നിന്ന്,
മുഖം തിരിക്കാനാണ്
വേരുകളുടെ ശ്രമമെന്ന്
അത് വിശ്വസിച്ചു.
പുറത്തു കടക്കാനാവാത്ത
ഏതോ വൃത്തത്തിൽ നിന്ന്,
ഭൂമിയുടെ അറ്റം തേടി പുറപ്പെടുന്ന
മനസ്സുപോലെ
എന്തോ ഒന്ന്
കാറ്റിൽ തുടിച്ചു നില്പുണ്ടായിരുന്നു.
അവസാന രംഗത്തിനു ശേഷം
വിളക്കുകളെല്ലാം അണച്ചു കളയാൻ
ധൃതിപ്പെടുന്നവനെപ്പോലെ
മരം തന്റെ വേരുകളെ
പിൻവിളിക്കാൻ
കൊതിച്ചു കൊണ്ടേയിരുന്നു





സ്വപ്നാറാണി
HSA Malalyam

# *Let the pictures speak ...*



# ബാല്യ കാല നൊമ്പരങ്ങൾ

ആമീ........

നെല്ലിക്കക്ക് ഇത്രേം രുചിയുണ്ടെന്ന് ഞാനിപ്പഴാ അറിയുന്നേ . "അത് കട്ടു തിന്നതു കൊണ്ടാവും". ആമിന കളിയാക്കിക്കൊണ്ടു പറഞ്ഞു. പരീക്ഷയിൽ മുഴുവൻ മാർക്ക് കിട്ടിയതിന്റെ ഞെളിയാ അവൾക്ക്.റഹീം കളിയാക്കി.

റഹീം ആയതുകൊണ്ട് അവൾ ഒന്നും പറഞ്ഞില്ല. ദേഷ്യം അടക്കിപ്പിടിച്ചു കൊണ്ടു അവൾ റഹീമിനെ നോക്കി ഒന്നു പുഞ്ചിരിച്ചു. "വേഗം വാ.. ബാപ്പാ ഇന്ന് എന്നെ തല്ലി കൊല്ലും." ആയിഷ ധൃതി കൂട്ടി. മൂന്നു പേരും പണ്ടു മുതലേ ചങ്ങാതിമാരാണ്.ചങ്ങാതിമാരെന്ന് പറഞ്ഞാൽ ന്യുജെനറേഷനിൽ പറയുവാണെങ്കിൽ "കട്ട ചങ്ക്സ് ". ദൂരെ നിന്ന് അരോ വരുന്നത് കണ്ട് റഹീം കയ്യിലുള്ള നെല്ലിക്ക അടുത്തുള്ള തോട്ടിലേക്ക് എറിഞ്ഞു. "നമ്മുടെ അടുത്തേക്കാണല്ലോ വരുന്നത് ? ആമീ അത് നിന്റെ ഇക്കാക്ക അലി ആണല്ലോ? സെയാതാലിക്കാക്കാന്റെ വീട്ടീന്ന് നെല്ലിക്ക കട്ടത് അവരറിഞ്ഞോ?"

"നിങ്ങൾ ഇവിടെ കളിച്ചു നിക്കാണോ? എടീ ആമീ , അന്നെ പെണ്ണു കാണാൻ ആൾക്കാർ വന്ന്ക്ക്ണ്. അങ്ങ് മദ്രാസീന്ന്." ആയിഷയും ആമിനയും റഹീമും അന്ധാളിച്ചു നിന്നു പോയി. എന്ത് അസംബന്ധമാണ് അലി പറയുന്നത്. ക്ലാസ്സിൽ ഏറ്റവും മിടുക്കിയാണ് ആമിന. അവളുടെ എല്ലാ സ്വപ്നങ്ങളും മോഹങ്ങളും തല്ലികെടുത്തുകയാണോ ഇവർ ചെയ്യുന്നത്? റഹീം മനസ്സിൽ മന്ത്രിച്ചു.

ആമിനയുടെ കൈകളും കാലുകളും വിറയ്ക്കുന്നതായി റഹീമിന് തോന്നി. അവളെ ശരിയ്ക്കും കല്യാണം കഴിപ്പിക്ക്യോ ? ഇതും പറയും മുമ്പേ ആമിയും അലിയും ഒരു നിഴൽ പോലെ മാഞ്ഞിരുന്നു. ആമിനയുടെ ഉള്ളിലെ തീകൊണ്ടായിരിക്കാം സൂര്യൻ ഒന്നുകൂടി ചുവന്നതായി റഹീമിന് തോന്നി. വീടിന് മുന്നിൽ ആമിയുടെ ബന്ധുക്കളും അയൽവാസികളും നിൽക്കുന്നുണ്ടായിരുന്നു. വല്ലാത്തൊരു നിസ്സഹായതയും സങ്കടവും അവളെ അലട്ടുന്നതായി അവളുടെ കണ്ണുകൾ പറഞ്ഞിരുന്നു. ഇത്താത്ത അവളുടെ പുസ്തകസഞ്ചി വാങ്ങി പാഞ്ഞു. "ആമീ , ജ്ജ് വേഗം കുപ്പായം മാറ്റീട്ട് വാ". ഇത്താത്തയുടെ തൊണ്ട ഇടറിയതായി ആമിയ്ക്ക് തോന്നി. "നമ്മൾ പെണ്ണുങ്ങളല്ലേ ആമീ, നമുക്കെന്ത് ഈ ദുനിയാവിൽ ചെയ്യാനാകും?" ആമിനയും ഇത്താത്തയും കെട്ടിപ്പിടിച്ച് കരയാൻ തുടങ്ങി. ബാപ്പാനേയും ബ്രോക്കറേയും തള്ളിമാറ്റി പെണ്ണ് കാണാൻ വന്നോരെ ചവിട്ടി മെതിക്കാൻ അവൾക്കു തോന്നി. എന്റെ സ്ക്കൂൾ ജീവിതം അവസാനിച്ചിരിക്കുന്നു. രശ്മി ടീച്ചറും ജമീല ടീച്ചറും അനീഷ ടീച്ചറും എല്ലാവരും കൂടി തന്നെ പുറത്തേക്ക് തള്ളി വിടുന്നതായി അവൾക്ക് തോന്നി. ഇനി കൂട്ടുകാരോടൊത്ത് കൂടാനും നെല്ലിക്ക പറിക്കാനും ആമിനയില്ല. അവൾ കണ്ണു തുടച്ചു കൊണ്ട് മനസ്സിൽ മന്ത്രിച്ചു. ഈ കല്യാണം വേണ്ടാന്ന് ബാപ്പാനോട് പറയണമെന്നുണ്ട്. പറയാത്തത് മടി കൊണ്ടല്ല, ഭയന്നിട്ടാണ്. പെണ്ണായി പിറന്നവളെ നിശബ്ദമാക്കുന്നു, ഭയം കൊണ്ട്.

" ഉമ്മാ , ചായ.." തന്റെ ബാല്യ കാല നൊമ്പരങ്ങൾ ഓർക്കുന്നതിനിടയിൽ ഫാത്തിമ മോൾ അവളെ ചിന്തയിൽ നിന്നും ഉണർത്തി. " ഉമ്മാ ,ഇങ്ങള് എന്താ കിനാവ് കാണുവാ? "

ഇത് കിനാവല്ല , കണ്ണീരാണ്. ഇന്നലെകളിൽ എന്നെപ്പോലെ ഒരുപാട് ആമിനമാരുടെ സ്വപ്നങ്ങൾ വലിച്ചെറിഞ്ഞ അന്ധകാരത്തിൽ നിന്നിറ്റു വീണ ചൂടു കണ്ണീർ..... എന്നും പറഞ്ഞ് അടുക്കളയിലേക്ക് നടക്കുമ്പോഴും തന്റെ ആ പഴയ കുട്ടിക്കാലത്തെ റഹീമും ആയിഷയും നെല്ലിക്കയും അവളുടെ മനസ്സിനെ ഒരു സൂചിമുനപോലെ അലട്ടുന്നുണ്ടായിരുന്നു........

Fathima Arshila
10E

# Editorial board







## പ്യൂപ



**ഇവിടെ**
**പൂർണ്ണമാകുന്നില്ല**
**അത്**
**പൊട്ടിച്ചെത്തുന്ന**
**കുഞ്ഞുശലഭങ്ങളാൽ,**
**ദേവധാർ**
**ഇനിയും**
**ചിറകടിക്കും.**
**സഹായിച്ചവർക്കും**
**കൂടെ നിന്നവർക്കും**
**സ്നേഹം മാത്രം....**



## നന്ദി.....

